For Private Circulation Only

September 2025

ആഗമനം

Vol.72

" ഞാൻ നിങ്ങളോടു കൽപിക്കുന്നതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ " (മത്താ. 28:18)

No.9

നിങ്ങളുടെ ബലമായ ക്രിസ്തുവിൽ വസിക്കുക

By Andrew Murray

" യേശു സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു " (മത്താ. 28:18).

" ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ ". (എഫെ. 6:10).

" എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു ". (2കൊരി. 12:9).

പൊതുവായി വിശ്വസ്തരായ വിശ്വാസികൾക്കിടയിൽ സത്യത്തെക്കാൾ ബലഹീനതകളാണ് കാണാൻ കഴിയുന്നത്. പൊതുവായി സത്യം തെറ്റിദ്ധരിക്കപ്പെടുകയോ വഞ്ചിക്കപ്പെടുകയോ ചെയ്യാം. ഇവിടെ ദൈവത്തിന്റെ ചിന്തകൾ മനുഷ്യന്റെ ചിന്തകളെക്കാൾ ഉന്നതമാണ്.

വിശ്വാസി പലപ്പോഴും അവന്റെ ബലഹീനതകൾ മറക്കുവാൻ ശ്രമിക്കുന്നു: ദൈവം ആവശ്യപ്പെടുന്നത് അവയെ ഓർക്കേണം, ആഴമായി പാപബോധം ഉണ്ടാകേണം. വിശ്വാസി ബലഹീനതകളെ കീഴടക്കേണം, അവൻ അതിൽ നിന്നും സ്വതന്ത്രരാകേണം എന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. വിശ്വാസി ബലഹീനതകളെക്കുറിച്ച് ദു:ഖിക്കുന്നു. ക്രിസ്തു തന്റെ വേലക്കാരെ പറയാൻ പഠിപ്പിക്കുന്നത്, " ഞാൻ എന്റെ ബലഹീനതകളിൽ സന്തോഷിക്കും; വളരെ സന്തോഷത്തോടുകൂടെ എന്റെ ബലഹീനതകളിൽ സന്തോഷിക്കും. വിശ്വാസി ചിന്തിക്കുന്നത്, ജീവിതത്തിലും ശുശ്രൂഷയിലും ഏറ്റവും വലിയ തടസമാണ് ബലഹിതനകൾ: ദൈവം പറയുന്നു, ഇത് നിങ്ങളുടെ ബലത്തിന്റെയും വിജയത്തിന്റെയും രഹസ്യമാണ്. ഇത് നമ്മുടെ ബലഹീനതയാണ്, അത് ഹൃദയാംഗമായി അംഗീകരിച്ചത്, തുടർച്ചയായി യാഥാർത്ഥ്യമായിത്തീർന്നത്, അവകാശവും അംഗീകാരവും നമുക്കു തരുന്നു. അവിടുത്തെ വചനം ഇപ്രകാരം പറയുന്നു, "എന്റെ ശക്തി ബലഹീനതകളിൽ തികഞ്ഞു വരുന്നു ".

നമ്മുടെ കർത്താവിന്റെ ഐഹിക ശുശ്രൂഷയുടെ ഒടുവിൽ ശിഷ്യന്മാരോടായി പറഞ്ഞത്: " സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു". ദൈവശക്തിയുടെ വലത്തു ഭാഗത്ത് ഇരിക്കുമ്പോൾ എന്നതിന്, പുതിയതായി സത്യമായി സകല അധികാരവും ധരിച്ചിരിക്കുന്നു. സർവ്വശക്തി യേശുക്രിസ്തു എന്ന മനുഷ്യന് കൊടുത്തിരിക്കുന്നു, മനുഷ്യപ്രകൃതി എന്ന ചാനൽ വഴിയായി ദൈവ പ്രവർത്തി അവിടുത്തേക്ക് നൽകിയിരിക്കുന്നു. അവിടുത്തേക്ക് ഈ പദവി തന്റെ ശിഷ്യന്മാർക്ക് കൊടുത്തു. ഞാൻ ഉയർത്തപ്പെട്ടാൽ നിങ്ങൾക്ക് ഉയരത്തിൽ നിന്ന് ശക്തി ലഭിക്കും (ലൂക്കോ. 24:49; പ്രവൃ. 1:8.). ഇത് ഓരോ വിശ്വാസിയും തനിക്ക് ജീവിപ്പാനും പ്രവർത്തിപ്പാനും ഉള്ള ശക്തി സർവ്വ ശക്തനായ രക്ഷകനിൽ നിന്നും പ്രാപിക്കുന്നു.

ശിഷ്യന്മാർ ശക്തി ഏറ്റെടുക്കുന്നു.

അങ്ങനെ ഇത് ശിഷ്യന്മാർക്ക് കിട്ടുന്നു. പത്തു ദിവസം അവർ ദൈവത്തെ ആരാധിച്ച് കാത്തിരുന്നു. അവിടുത്തെ സിംഹാസനത്തിന്റെ പാദപീഠത്തിൽ ആയിരുന്നു. അവരുടെ വിശ്വാസം അവർ തങ്ങളുടെ രക്ഷകനിൽ സമർപ്പിച്ചു. കർത്താവിൽ തങ്ങളുടെ ബഹുമാനം അർപ്പിച്ചു. തങ്ങളുടെ സ്നേഹം ഒരു സ്നേഹിതൻ എന്ന നിലയിൽ അവിടുത്തെ നാമത്തിൽ അർപ്പിച്ചു. അവരുടെ ധ്യാനം പ്രവർത്തിപ്പാനുള്ള ഒരുക്കവും ഗുരു എന്ന നിലയിൽ അവിടുത്തെ പാദത്തിൽ ഏല്പിച്ചു. യേശുക്രിസ്തു തന്നെ അവരുടെ ചിന്തയും, സ്നേഹവും, അവരുടെ സന്തോഷവും ആകുന്നു. വിശ്വാസത്തിന്റെ ആരാധനയും അവരുടെ ആത്മാക്കളുടെ ധ്യാനവും ധൂപവർഗ്ഗം പോലെ ഉയർന്ന് സിംഹാസനത്തിലേക്ക് ഉയർന്ന്, അപ്പോൾ പരിശുദ്ധാത്മാവിന്റെ ശക്തി അവരുടെ മേൽ ഇറങ്ങി വന്നു. ഈ ശക്തി അവരിൽ വ്യാപരിച്ച് ചുറ്റുപാടും വലിയ ശക്തിയായി മാറി.

പരിശുദ്ധാത്മാവിന്റെ ശക്തി ഇറങ്ങി വന്ന് വേലക്കായി ശക്തീകരിച്ച് അവർ തങ്ങളെത്തന്നെ വേലക്കായി സമർപ്പിച്ചു. ജീവിതം കൊണ്ടും വചനം കൊണ്ടും കാണപ്പെടാത്ത ദൈവത്തെ ശക്തിയോടെ സാക്ഷീകരിക്കുവാൻ ഇടയായി. അവരുടെ പ്രധാന സാക്ഷ്യം എന്നത് വിശുദ്ധജീവിതം ആയിരുന്നു, ക്രിസ്തുവിനെയും സ്വർഗ്ഗത്തെയും അവർ വെളിപ്പെടുത്തി. അവരിൽ ദൈവരാജ്യം സ്ഥാപിക്കുവനായിരുന്നു ശക്തി ഇറങ്ങിയത്, അത് പാപത്തിന്മേലും സ്വയത്തിന്മേലും നമുക്ക് ജയം തരുന്നു, യേശുക്രിസ്തുവിന്റെ ഉയരത്തിലെ ശക്തി തന്നെ സാക്ഷിക്കുവാൻ നമ്മുടെ ജീവിതങ്ങളെ ശക്തിപ്പെടുത്തുന്നു, ആളുകളെ ലോകത്തിൽ വിശുദ്ധരായി ജീവിക്കുവാൻ സഹായിക്കുന്നു. മറ്റുള്ളവരോട് യേശുക്രിസ്തുവിനെക്കുറിച്ച് സംസാരിക്കുവാൻ അത് നമ്മെ സഹായിക്കുന്നു. എന്നാൽ എല്ലാവരും ഇത് പ്രാപിക്കേണം, എല്ലാവർക്കും ഇത് ആവശ്യമാണ്. ഇത് കർത്താവായ യേശുക്രിസ്തു തന്റെ പിതാവിന്റെ രാജ്യം അവകാശമാക്കിയതിന്റെ തെളിവാണ്. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും കർത്താവായ യേശുവിലൂടെ ആ ശക്തി തന്റെ ജനത്തിന് പകർന്നു കൊടുക്കുന്നു. വിശുദ്ധ ജീവിതം ചെയ്യുവാൻ, അവിടുത്തെ വേല ശക്തിയോടെ ചെയ്യുവാൻ ഇതിനെ നൽകിയിരി

(ശേഷം 2-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

നിങ്ങളുടെ ബലമായ ക്രിസ്തുവിൽ വസിക്കുക

ക്കുന്നു. അവർക്ക് ഇത് വര മായി നൽകിയിരിക്കുന്നു, ദൈവം അവിടുന്ന് ഈ പദവി തന്റെ ശിഷ്യന്മാർക്ക് കൊടു ത്തു. ഞാൻ ഉയർത്തപ്പെട്ടാൽ നിങ്ങൾക്ക് ഉയരത്തിൽ നിന്ന് ശക്തി ലഭിക്കും (ലൂക്കൊ. 24:49; അ.പ്രവൃ.1:8). ഇത് ഓരോ വിശ്വാസിയും തനിക്ക് ജീവിപ്പാനും പ്രവർത്തി പ്പാനും ഉള്ള ശക്തി, സർവ്വ ശക്തനായ രക്ഷകനിൽ നിന്നും പ്രാപിക്കുന്നു.

ശിഷ്യന്മാർ ശക്തി ഏറ്റെടുക്കുന്നു

അങ്ങനെ ഇത് ശിഷ്യ ന്മാർക്ക് കിട്ടുന്നു. പത്തു ദിവസം അവർ ദൈവത്തെ ആരാധിച്ചും കാത്തിരുന്നു. അവിടുത്തെ സിംഹാസന ത്തിന്റെ പാദപീഠത്തിൽ ആയിരുന്നു. അവരുടെ വിശ്വാസം അവർ തങ്ങളുടെ രക്ഷകനിൽ സമർപ്പിച്ചു. കർത്താവിൽ തങ്ങളുടെ ബഹുമാനം അർപ്പിച്ചു, തങ്ങ ളുടെ സ്നേഹം ഒരു സ്നേ ഹിതൻ എന്ന നിലയിൽ അവിടുത്തെ നാമത്തിൽ അർപ്പിച്ചു. അവരുടെ ധ്യാനം പ്രവർത്തിപ്പാനുള്ള ഒരു ക്കവും ഗുരു എന്ന നിലയിൽ അവിടുത്തെ പാദത്തിൽ ഏല്പിച്ചു. യേശുക്രിസ്തു തന്നെ അവരുടെ ചിന്തയും, സ്നേഹവും, അവരുടെ സന്തോഷവും ആകുന്നു. വിശ്വാസത്തിന്റെ ആരാധ നയും അവരുടെ ആത്മാക്ക ളുടെ ധ്യാനവും ധൂപവർഗ്ഗം പോലെ ഉയർന്ന് സിംഹാസ നത്തിലേക്ക് ഉയർന്നും, അ പ്പോൾ പരിശുദ്ധാത്മാവിന്റെ ശക്തി അവരുടെമേൽ ഇറ ങ്ങി വന്നു. ഈ ശക്തി അവ രിൽ വ്യാപരിച്ച് ചുറ്റുപാടും വലിയ ശക്തിയായി മാറി.

പരിശുദ്ധാത്മാവിന്റെ ശക്തി ഇറങ്ങി വന്ന് വേല ക്കായി ശക്തീകരിച്ച് അവർ തങ്ങളെതന്നെ വേലക്കായി സമർപ്പിച്ചു. ജീവിതം കൊ ണ്ടും വചനം കൊണ്ടും കാണപ്പെടാത്ത ദൈവത്തെ ശക്തിയോടെ സാക്ഷീകരി ക്കുവാൻ ഇടയായി. അവ രുടെ പ്രധാന സാക്ഷ്യം എന്നത് വിശുദ്ധജീവിതം ആയിരുന്നു, ക്രിസ്തുവി നെയും സ്വർഗ്ഗത്തെയും അവർ വെളിപ്പെടുത്തി. അവ രിൽ ദൈവരാജ്യം സ്ഥാപി ക്കുവാനായിരുന്നു ശക്തി ഇറ ങ്ങിയത്, അത് പാപത്തി ന്മേലും സ്വയത്തിന്മേലും നമുക്ക് ജയം തരുന്നു, യേശു ക്രിസ്തുവിന്റെ ഉയരത്തിലെ ശക്തി തന്നെ സാക്ഷിക്കു വൻ നമ്മുടെ ജീവിതങ്ങളെ ശക്തിപ്പെടുത്തുന്നു. ആളു കളെ ലോകത്തിൽ വിശുദ്ധ രായി ജീവിക്കുവാൻ സഹാ യിക്കുന്നു. മറ്റുള്ളവരോട് യേശുക്രിസ്തുവിനെക്കുറിച്ചു സംസാരിക്കുവാൻ അത് നമ്മെ സഹായിക്കുന്നു. എന്നാൽ എല്ലാവരും ഇത്

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ങീയ: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

2025 ഓഗസ്റ്റ് മാസം നമ്മെ വിട്ട് കടന്നു പോയി സെപ്റ്റംബർ മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

" സൈന്യങ്ങളുടെ യഹോവ യുദ്ധസൈ ന്യത്തെ പരിശോധിക്കുന്നു. ദേശത്തെയൊക്കെയും നശിപ്പിപ്പാൻ ദൂരദേശത്തു നിന്നും ആകാശത്തിന്റെ അറ്റത്തു നിന്നും യഹോവയും അവന്റെ കോപത്തിന്റെ ആയുധങ്ങളും വരുന്നു. യഹോയുടെ ദിവസം സമീപി ച്ചിരിക്കുന്നു. മുറയിടുവിൻ. അതു സർവ്വശക്തങ്കൽ നിന്നും സർവ്വനാശം പോലെ വരുന്നു. അതുകൊണ്ട് എല്ലാ കൈകളും തളർന്നുപോകും. സകല ഹൃദയവും ഉരുകിപ്പോകും. അവർ ഭ്രമിച്ചു പോകും. വേദനയും ദു:ഖവും അവർക്കു പിടപെടും. നോവുകിട്ടിയ സ്ത്രീ യെപ്പോലെ അവർ വേദനപ്പെടും. അവർ അന്യോന്യം തുറിച്ചു നോക്കും. അവരുടെ മുഖം ജ്വലിച്ചിരിക്കും " (യെശ. 13:4-8).

നമ്മുടെ ബലഹീനതകളെ കർത്താവ് അറിയു ന്നു. കർത്താവിന്റെ പരിശുദ്ധാത്മാവീന്റെ ശക്തി നമ്മിൽ വസിച്ചുകൊണ്ട് ആ അത്യന്ത ശക്തിയെ നമ്മുടെ ജീവിതത്തിലൂടെ വെളിപ്പെടുത്തി യേശുവിനു വേണ്ടി ശക്തിയോടെ നിൽക്കുവാൻ കർത്താവ് നിങ്ങൾക്ക് കൃപ നൽകട്ടെ. ദൈവത്തിന് ഇഷ്ടമില്ലാത്ത കാര്യങ്ങൾ നമ്മിലുണ്ടെങ്കിൽ അത് പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു.

എന്ത് തടസ്സങ്ങൾ ജീവിതത്തിലുണ്ടായാലും നാം ദൈവത്തോട് ചേർന്ന് നിൽക്കേണം. പശ്ചാത്താ പമുള്ള ഹൃദയം ദൈവത്തിന്റെ ഇഷ്ടത്തെ ഏറ്റു പറ യുന്നു. അഗ്നികണ്ണുകളാൽ പരിശോധിക്കുവാൻ നമ്മെ അനുവദിക്കേണം. വിശ്വസ്തതയോടും നുറുങ്ങിയ ഹൃദയത്തോടും ദൈവത്തിന് നമ്മെത്തന്നെ സമർപ്പി ക്കുക. എന്ത് തടസ്സങ്ങൾ ജീവിതത്തിലുണ്ടായാലും നാം ദൈവത്തോട് ചേർന്ന് നിൽക്കേണം. ക്രിസ്തുവിന്റെ നല്ല സാക്ഷികളായി ജീവിക്കാൻ ദൈവം നമ്മെ സഹാ യിക്കട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രാ യങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറി യുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായ ങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

(2-ാംപേജിന്റെ തുടർച്ച)

നിങ്ങളുടെ ബലമായ ക്രിസ്തുവിൽ വസിക്കുക

പ്രാപിക്കേണം, എല്ലാവർക്കും ഇത് ആവശ്യമാണ്. ഇത് കർത്താവായ യേശുക്രിസ്തു തന്റെ പിതാവിന്റെ രാജ്യം അവകാശമാക്കിയതിന്റെ തെളിവാണ്, സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും കർത്താവായ യേശുവിലൂടെ ആ ശക്തി തന്റെ ജനത്തിന് പകർന്നു കൊടുക്കുന്നു, വിശുദ്ധ ജീവിതം ചെയ്യുവാൻ, അവിടുത്തെ വേല ശക്തിയോടെ ചെയ്യുവാൻ ഇതിനെ നൽകിയിരിക്കുന്നു. അവർക്കു ഇത് വരമായി നൽകിയിരിക്കുന്നു, ദൈവം ആ ലോകം ദൈവത്തിന്റെ രാജ്യമാണെന്ന് തെളിയിക്കുവാൻ, അത് വെറും വാക്കുകളിലല്ല, ശക്തിയിലത്രെ എന്ന് തെളിയിക്കുവാൻ അതിനെ നൽകിയിരിക്കുന്നു. ആന്തരിക ശക്തിയായി എല്ലാവർക്കും നൽകിയിരിക്കുന്നു. ജനം തങ്ങളെത്തന്നെ സമർപ്പിക്കാതെ മാറി നിന്നു. (അ.പ്രവൃ. 2:43, 4:13, 5:13).

നമ്മിൽ ക്രിസ്തുവിന്റെ ശക്തി

ശിഷ്യന്മാരിൽ യേശു വസിക്കുന്നു. നമ്മിലും വസിക്കുന്നു. നമ്മുടെ ജീവിതവും വിളിയും ശിഷ്യത്വത്തിന് വേണ്ടിയുള്ളതാണ്. പ്രായോഗികതയും ഉറപ്പും ആ വാക്കുകളിൽ അടങ്ങിയിരിക്കുന്നു. “സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു ”. അവിടുന്ന് നമുക്ക് അവിടുത്തെ വലിയ ശക്തിയെ പകർന്നു തരുന്നു. അവിടുന്ന് എന്ത് അവകാശപ്പെടുന്നു അഥവാ എന്തു പകർന്നു തരുന്നു. അവിടുന്ന് തന്നിൽ തന്നെ ഇതേ ശക്തിയാൽ പ്രവർത്തിക്കുന്നു. അവിടുന്ന് തന്റെ ശക്തിയെ വെളിപ്പെടുത്തുന്നു, ഓരോ വാഗ്ദത്തവും നിവർത്തിക്കുന്നു, അവിടുന്ന് കൃപ പ്രവർത്തിക്കുന്നു, എല്ലാം അതെ, എല്ലാം തന്റെ ശക്തിയിൽ ചെയ്യുന്നു. യേശു എല്ലാം തന്റെ സിംഹാസനത്തിൽ നിന്നു വരുന്ന ശക്തിയാൽ ചെയ്യുന്നു, അവയെല്ലാം തന്റെ ശക്തിയുടെ പ്രകടനങ്ങളാണ്. പാപത്തിൽ നിന്നും വിടുവിച്ചു കാക്കുവാൻ ഒരു വിശ്വാസി പക്ഷേ പ്രാർത്ഥിക്കുന്നുണ്ടാവാം, വിശുദ്ധിയിൽ വളരുവാൻ, വളരെ ഫലം കായ്ക്കുവാൻ, തന്റെ പ്രാർത്ഥന കേൾക്കുവാൻ ദിവ്യശക്തി പകരപ്പെടുന്നു. യേശുക്രിസ്തുവിന്റെ ശക്തി, അതി ന്റെ നിറവോടെ നമ്മിൽ വസിക്കുവാൻ, നമ്മുടെ അവയവങ്ങളിൽ ദൈവശക്തിയായി പ്രവർത്തിച്ച് അവിടുത്തെ ശക്തി നമ്മിൽ വെളിപ്പെടുത്തുവാൻ പ്രവർത്തിക്കുന്നു.

ക്രിസ്തുവിന്റെ ജീവൻ നമ്മിൽ

എങ്ങനെയാണ് ക്രിസ്തുവിന്റെ ശക്തി വെളിപ്പെടുന്നത് എന്ന് ചോദിച്ചാൽ, ഉത്തരം ലളിതമാണ്. ക്രിസ്തുവിന്റെ ശക്തി നമ്മിൽ പകരുന്നത്, തന്റെ ജീവൻ നമ്മിൽ പകരുന്നതിനാലാണ്. അനേകം വിശ്വാസികൾ ചിന്തിക്കുന്നതുപോലെയല്ല, ഒരു ക്ഷീണമുള്ള ജീവതം അവിടുന്ന് കണ്ടുപിടിക്കുന്നു, അതിൽ പ്രവർത്തിപ്പാനായി ഒരു ചെറിയ ശക്തി പകരപ്പെടുന്നു. അങ്ങനെയല്ല, തന്റെ സ്വന്ത ജീവതം നമുക്കു നൽകി, നമ്മെ ശക്തീകരിക്കുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ ഹൃദയത്തിൽ നിന്നും നേരിട്ട് പരിശുദ്ധാത്മാവ് ശിഷ്യന്മാരിലേക്ക് ഇറങ്ങി വന്ന്, സ്വർഗ്ഗ മഹിമയുടെ ജീവിതം അവരിലേക്ക് പകർന്നിട്ട് അതിലേക്ക് പ്രവേശിക്കയത്രെ ചെയ്തത്. അതുകൊണ്ട് അവിടുത്തെ ജനം ദൈവത്തിന്റെ വചനം പഠിച്ച് കർത്താവിൽ ശക്തരായിത്തീരുന്നു. അവിടുന്ന് അവരെ ശക്തീകരിക്കുമ്പോൾ, ഇത് നമ്മുടെ ക്ഷീണത്തെ മാറ്റുന്ന അനുഭവമല്ല, ശക്തിയെ പകർന്ന് ബലപ്പെടുത്തുന്ന അനുഭവമാണ്. മറ്റു ഒരു വഴിയിലും അല്ല. എന്നാൽ അത്ഭുതകരമായ ഒരു വഴിയിൽ ശക്തി കുറഞ്ഞു വരുന്ന അനുഭവുമല്ല, അവിടുത്തെ ശക്തി പകർന്ന് ബലപ്പെടുത്തുകയത്രെ ചെയ്യുന്നത്. “ എങ്കിലും ഈ ശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല, ദൈവത്തിന്റെ ദാനമത്രേ എന്ന് വരേണ്ടതിന് ഈ നിക്ഷേപം ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത് ” (2 കൊരി. 4:7). ക്ഷീണവും ബലവും ജീവിതത്തിന്റെ രണ്ടുവശങ്ങളാണ്. ഒന്ന് വളരുമ്പോൾ മറ്റേതും വളരുന്നു, ഈ വസ്തുത മനസിലാക്കി പറയുന്നതുവരേയും, അതുകൊണ്ട്, ഞാൻ ക്രിവസ്തുവിനുവേണ്ടി ബലഹീനത, കയ്യേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു; ബല

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

നിങ്ങളുടെ ബലമായ ക്രിസ്തുവിൽ വസിക്കുക

ഹീനനായിരിക്കുമ്പോൾ തന്നെ ഞാൻ ശക്തനാകുന്നു” (2കൊരി.12:10).

വിശ്വസിക്കുന്ന ശിഷ്യൻ സിംഹാസനത്തിൽ ഇരിക്കുന്ന ക്രിസ്തുവിനെ കാണുവാൻ പഠിക്കും, സർവ്വ ശക്തനായ ക്രിസ്തു നമ്മുടെ ജീവനാണ്. ജീവന്റെ അനന്തമായ പൂർത്തീകരണവും വിശുദ്ധിയും അവൻ പഠിക്കുന്നു, അതിന്റെ ശക്തിയും മഹത്വവും; മഹത്വീകരിക്കപ്പെട്ട മനുഷ്യനിൽ ഈ നിത്യ ജീവൻ വസിക്കുന്നു. അവൻ അവന്റെ ആന്തരിക ജീവിതത്തെ പരിശോധിക്കുമ്പോൾ, വിശുദ്ധിക്കുവേണ്ടി ജീവിക്കും എങ്കിൽ, ദൈവത്തിന്റെ മഹത്വത്തിനായി ജീവിക്കുമെങ്കിൽ, കർത്താവിന്റെ വേല ശക്തിയോടെ ചെയ്യുമെങ്കിൽ, അവിടുന്ന് കാണുന്നു, ക്രിസ്തുവാണ് തന്റെ ജീവിതം. സന്തോഷിക്കും എങ്കിൽ, ഉറപ്പോടെ പറയും, അവിടുത്തെ ഇഷ്ടം പോലെ എല്ലാ കാര്യങ്ങളിലും ശക്തമായി പ്രവർത്തിക്കും ചെറിയ കാര്യങ്ങളിലാണെങ്കിലും വലിയ കാര്യങ്ങളിലാണെങ്കിലും, പാപത്തിൽ നിന്നും നിമിഷങ്ങൾതോറും വിടുവിച്ചു കാക്കുന്നു, കഷ്ടതയോ പ്രയാസങ്ങളോ നേരിടുന്ന നേരത്തോ ക്രിസ്തുവിന്റെ ശക്തി അതിന്റെ അളവിനൊത്തു വർദ്ധിക്കുന്നു. അവൻ ഏറ്റവും സന്തോഷമുള്ള അനുഗ്രഹിക്കപ്പെട്ട ജീവിതം നയിക്കുന്നു, ഒരിക്കലും ക്ഷീണിച്ചു പോകുന്നില്ല, എന്നാൽ അതിന്റെ കാരണം സ്വതവേ സഹായമറ്റവനെങ്കിലും രക്ഷകന്റെ ബലമുള്ള പ്രവർത്തിയാൽ വൻകാര്യങ്ങൾ ചെയ്യുന്നു.

പ്രധാന പാഠങ്ങൾ

ഈ ചിന്തകൾ പഠിപ്പിക്കുന്നത് പ്രായോഗിക ജീവിതം വളരെ ലളിതമാണ്, പക്ഷേ വളരെ വിലപ്പെട്ടതാണ്. ആദ്യമായി, എല്ലാ നമ്മുടെ ശക്തിയും ക്രിസ്തുവിലാണ്, അർപ്പിക്കപ്പെട്ടു ഉപയോഗത്തിനായി കാത്തിരിക്കുകയാണ്. ഇത് സർവ്വശക്തിയുള്ള ജീവിതമാണ്. അത് നമുക്കുവേണ്ടി ക്രിസ്തുവിലാണ്, അത് അളവിനനുസരിച്ച് ഒഴുകുവാൻ കാത്തിരിക്കുന്ന ചാനൽ പോലെയാണ് എന്നാൽ ഈ ഒഴുക്ക് ശക്തിയുള്ളതോ ക്ഷീണിച്ചതോ എങ്കിൽ, എന്താണ് ക്രിസ്തുവിൽ നമ്മുടെ അനുഭവം: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ഇതിനെക്കുറിച്ച് പഠിക്കുവാൻ നമുക്കു സമയം കണ്ടെത്താം. നമ്മുടെ മനസ്സ് ചിന്തകൾ കൊണ്ട് നിറയട്ടെ: യേശുക്രിസ്തു നമ്മുടെ പൂർണ്ണ രക്ഷകൻ ആയിരിക്കട്ടെ, പിതാവ് തന്റെ പുത്രന് സർവ്വശക്തിയും നൽകി; അതാണ് നമ്മുടെ കർത്താവിന്റെ യോഗ്യത. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ അവിടുത്തെ യോഗ്യനാക്കുന്നു. സ്വർഗ്ഗത്തിലെ സകല അധികാരവും ഭൂമിയിലെ സകല അധികാരവും ഭൂമിയിലെ ഓരോ ശക്തികൾക്കും മീതെ, നമ്മുടെ ഹൃദയത്തിനും ജീവിതത്തിനും മീതെ കൂടെ.

രണ്ടാമത്തെ പാഠം എന്നത്: ഈ ശക്തി നമ്മിലേക്ക് ഒഴുകുന്നു, അവിടുത്തോട് ചേർന്ന് ജീവിക്കുന്ന അനുഭവം. ചേർന്നു ജീവിക്കുന്നതിൽ ക്ഷീണം വന്നാൽ, വില കുറവ് വന്നാൽ, അകത്തോട്ടുള്ള ശക്തി കുറയും. കർത്താവിനോട് ചേർന്നുള്ള ജീവിതം ശക്തമാവുമ്പോൾ, നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ നന്മയാണ്. അവിടുത്തേക്കുവേണ്ടി സകല ത്യാഗവും സഹിക്കാനൊരുങ്ങുന്നു, ശക്തി പ്രവർത്തിക്കുന്നു: “അവിടുത്തെ നമ്മുടെ ബലഹീനതയിൽ തികഞ്ഞുവരുന്നു”. നമ്മുടെ ഒരു വേല കർത്താവിൽ ശക്തിപ്പെടുമ്പോൾ, ആ ശക്തിയിൽ ദൈവശക്തി വെളിപ്പെടുന്നു.

വിശ്വസിക്കുന്നവർക്കുവേണ്ടി നമ്മുടെ വിശ്വാസം വളരുമ്പോൾ അതിയായ സന്തോഷം ഉണ്ടാകുന്നു, ഉയർത്തെഴുന്നേൽക്കപ്പെട്ട ക്രിസ്തുവിന്റെ ജയം ഓരോ ശത്രുക്കളുടെമേലും ഉണ്ടാകുന്നു (എഫെ. 1:19-21). നമ്മുടെ വിശ്വാസം ദൈവത്തിന്റെ അത്ഭുതകരമായ പ്രവർത്തിക്കും ദൈവത്തിന്റെ അനുഗ്രഹകരമായ ക്രമീകരണങ്ങൾക്കും കാരണമാകട്ടെ. ഒന്നുമില്ല, എന്നാൽ നമ്മുടെ ക്ഷീണം നമ്മുടെ സ്വന്തം തന്നെയാണ്, ക്രിസ്തുവിലുള്ള സർവ്വശക്തി നമ്മിലേക്ക് പകരപ്പെടുന്നു. ഓരോ ദിവസവും നമ്മുടെ വിശ്വാസം നമ്മുടെ സ്വയത്തിൽ നിന്നും പുറത്തുപോകേണം. അത് ക്രിസ്തുവിന്റെ ജീവിതത്തിലേക്ക് പ്രവേശിച്ചിട്ട് അവിടുത്തെ സന്നിധിയിൽ നമ്മെ പൂർണ്ണമായി സമർപ്പിച്ചു. അവിടുത്തെ പ്രവർത്തിക്കുവേണ്ടി സ്വതന്ത്രമാക്കേണം. നമ്മുടെ വിശ്വാസം, എല്ലാറ്റിലും ഉപരി, ദൈവവചനത്തിൽ സന്തോഷിക്കേണം, സർവ്വശക്തിയോടെ അവിടുത്തെ വേല നമ്മിൽ പൂർത്തീകരിക്കേണം.

ഇങ്ങനെ നാം ക്രിസ്തുവിൽ വസിച്ചു, പരിശുദ്ധാത്മാവ്, തന്റെ ശക്തിയുടെ ആത്മാവ്, ശക്തിയോടെ നമ്മിൽ പ്രവർത്തിക്കട്ടെ, എന്നിട്ട് നമ്മൾ ഇങ്ങനെ പാടും, “യഹോവ എന്റെ ബലവും എന്റെ കീർത്തനവും ആകുന്നു; അവൻ എനിക്ക് രക്ഷയായും തീർന്നു.” (സങ്കീ. 118:14). യഹോവയിൽ മാത്രം നീതിയും ബലവും ഉണ്ട്. (യെശ.45:24). “എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു” (ഫിലി. 4:13). ❖

ക്രിസ്തു - മാതൃകയും കരുതലിന്റെ ഉറവിടവും

By Rich Carmicheal

കഷ്ടതയുടെയും പ്രയാസങ്ങളുടെയും നടുവിൽ എങ്ങനെ നിലനില്ക്കും എന്നതിനെക്കുറിച്ചു ഒരു ലേഖനം എഴുതിയിരുന്നു. ആ സന്ദേശത്തിൽ ഇയ്യോബിന്റെ പുസ്തകത്തിൽ ദൈവം കരുതിയതിനെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. “സഹിഷ്ണത കാണിച്ചവരെ നാം ഭാഗ്യവാന്മാർ എന്ന് പുകഴ്ത്തുന്നു;” “ഇയ്യോബിന്റെ സഹിഷ്ണത നിങ്ങൾ കേട്ടും കർത്താവ് വരുത്തിയ അവസാനം കണ്ടുമിരിക്കുന്നു; കർത്താവ് മഹാകരുണയും മനസ്സലിവും ഉള്ളവനല്ലോ” (യാക്കോ. 5:11). ഞാൻ ഈ വേദഭാഗത്തെക്കുറിച്ച് ചിന്തിച്ച സമയം മുതൽ ഞാൻ ചില ചിന്തകൾ കൂടെ പോരാട്ടങ്ങളെക്കുറിച്ച് എഴുതിയിരുന്നു, എന്റെ വിശ്വാസത്തെക്കുറിച്ചും പങ്കുവച്ചിരുന്നു. ഞാൻ എങ്ങനെ ക്രിസ്തുവിനോടടുത്തു എന്നു ധൈര്യപ്പെടുത്തുന്ന വാക്കുകളും ഉണ്ടായിരുന്നു.

ഇയ്യോബിന്റെ കഷ്ടത

ഇയ്യോബിനെക്കുറിച്ച് പഠിക്കുമ്പോൾ, താൻ കടന്നുപോയത് ഭയാനകമായ പരിതസ്ഥിതികളിലൂടെയാണ്. തന്റെ സമ്പത്ത് തനിക്ക് നഷ്ടമായി, തന്റെ കുടുംബം തനിക്ക് നഷ്ടമായി, ഒടുവിൽ തന്റെ ആരോഗ്യം നഷ്ടമായി. ഇയ്യോബ് തനിക്ക് സംഭവിച്ചതിനെക്കുറിച്ച് മനസിലാവാതെ എന്തുകൊണ്ട് ഇതൊക്കെയും തനിക്ക് സംഭവിച്ചു എന്ന് ചിന്തിക്കുകയാണ്. എങ്കിലും, നഷ്ടങ്ങളുടെയും

(ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

ക്രിസ്തു - മാതൃകയും കരുതലിന്റെ ഉറവിടവും

അനിശ്ചിതത്വങ്ങളുടെ നടുവിൽ പോലും കർത്താവിലുള്ള വിശ്വാസം മുറുകെപ്പിടിച്ചു. തന്റെ ഭാര്യ തന്നോടു ചോദിക്കുന്നത്, ഇനിയും നിന്റെ വിശ്വാസം പിടിച്ചുകൊണ്ടിരിക്കുന്നുവോ, നാം ദൈവത്തിന്റെ കയ്യിൽ നിന്നും നന്മ അനുഭവിച്ചു, തിന്മയും കൈക്കൊള്ളരുതോ" (ഇയ്യോ. 2:16).

കർത്താവിന്റെ ഉദ്ദേശം, ദയയും കരുണയും

യാക്കോബ് പറഞ്ഞത്, ഇയ്യോബ് സഹിച്ച സകലത്തിലും, ദൈവത്തിന് ഒരു ഉദ്ദേശം ഉണ്ട്. കർത്താവ് ഒരു അവസാനത്തെക്കുറിച്ച് സൂചിപ്പിക്കുന്നു. അവസാനം കർത്താവ് തനിക്ക് ഒരു ദർശനം കൊടുത്തു എന്ന് നാം അറിയുന്നു (42:5). തന്റെ നഷ്ടങ്ങളിൽ ദൈവം ഉദ്ധാരണം കൊടുത്തു, തനിക്കുണ്ടായിരുന്ന എല്ലാറ്റിലും ഇരട്ടികൊടുത്തു, അനുഗ്രഹം തനിക്ക് മുമ്പുണ്ടായിരുന്നതിനെക്കാൾ ഇരട്ടി അനുഗ്രഹം താൻ പ്രാപിച്ചു (42:10,12). മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദൈവം നേരിട്ട് തന്റെ വിഷയത്തിൽ ഇടപെട്ടു, ആത്യന്തികമായി വളരെ നന്നായി ദൈവം ചെയ്തു.

ഇതിനോട് ചേർത്ത് യാക്കോബ് കർത്താവിനെക്കുറിച്ചു പറയുന്നത്, " മനസലിവും കരുണയുമുള്ളവൻ " എന്നാണ്. ഈ വചനങ്ങൾ ഏതു പ്രതിസന്ധിയിലും നമ്മെ ധൈര്യപ്പെടുത്തുവാൻ പര്യാപ്തമാണ്. പല കാര്യങ്ങൾ നമുക്ക് മനസിലാകത്തതായിട്ടുണ്ട്. അതിൽ ഒന്ന് എന്ന് പറയുന്നത് ദൈവം പൂർണ്ണമായി മനസലിവും കരുണയുമുള്ളവൻ എന്നതാണ്. യിരെമ്യാവ് നമ്മെ ഓർമ്മിപ്പിക്കുന്നു; " നാം മുടിഞ്ഞുപോകാതിരിക്കുന്നത് യഹോവയുടെ ദയ ആകുന്നു. അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ ". " അത് രാവിലെ തോറും പുതിയതും നിന്റെ വിശ്വസ്ഥത വലിയതും ആകുന്നു. യഹോവ എന്റെ ഓഹരി എന്ന് എന്റെ ഉള്ളം പറയുന്നു; അതുകൊണ്ട് ഞാൻ അവനിൽ പ്രത്യാശിക്കുന്നു " (വിലാ. 3:22). എത്ര മഹത്വകരമായ സത്യം! ദൈവം നമ്മെ പരിപാലിക്കുന്നു. അവനുമായുള്ള കൂട്ടുകെട്ട് ഒരിക്കലും പരാജയപ്പെടുന്നില്ല! ഓരോ ദിവസവും അതു പുതിയതാകുന്നു! അവിടുത്തെ വിശ്വസ്ഥത വലിയത്!

ഇത് ഹൃദയത്തിൽ സംഗ്രഹിക്ക, യിരെമ്യാവ് പറയുന്നത്, തന്റെ ജീവിതത്തിന്റെ പ്രയാസ ഘട്ടത്തിൽ തന്റെ സ്വന്തം ശക്തി ചോർന്നു പോയി (വാക്യം 1-20). താൻ ആ കരുണയെ വീണ്ടും വിളിച്ചപേക്ഷിക്കുമ്പോൾ, കർത്താവിന്റെ വിശ്വസ്തതയും സഖിത്വവും വിളിച്ചപേക്ഷിക്കുമ്പോൾ, താൻ പ്രത്യാശയാൽ നിറയപ്പെട്ടു.!

ദൈവത്തിന്റെ വ്യക്തിത്വവും സ്വഭാവവും നമുക്ക് എത്ര ആശ്വാസവും ധൈര്യപ്പെടുത്തുന്നതുമാണ്! അവിടുന്ന് കരുണയുള്ളവൻ, മനസലിവും വിശ്വസ്തതയുമുള്ള ദൈവം അവിടുന്ന് സമ്പൂർണ്ണമായി ആശ്രയിപ്പാൻ കൊള്ളാകുന്നവൻ. അവൻ നമ്മെ സ്നേഹിക്കുന്നു; ആഴമായി നമുക്കുവേണ്ടി കരുതുന്നു, നമ്മുടെ നന്മക്കായി എപ്പോഴും പ്രവർത്തിക്കുന്നവൻ. ഉറപ്പോടെ നമുക്ക് നോക്കുവാൻ കഴിയും. " എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നനന്മയ്ക്കായി സകലവും കൂടി വ്യാപരിക്കുന്നു എന്ന് നാം അറിയുന്നു " (റോമ. 8:28). നമ്മുടെ ജീവിത യാത്രയിൽ നമുക്ക് കർത്താവിങ്കലേക്ക് നോക്കുവാൻ കഴിയും, അവിടുന്ന് മനസലിവും ദയയും വിശ്വസ്തതയും ഉള്ള ദൈവമായി നമുക്കായി ജീവിക്കുന്നു. നമ്മുടെ ഓരോ വിഷയങ്ങളിലും ആശ്രയിപ്പാനും പൂർണ്ണ വിശ്വാസം അർപ്പിക്കുവാനും കഴിയും.

കർത്താവിന്റെ കഷ്ടാനുഭവങ്ങളിൽ പങ്കാളിയാകുവാൻ വിളിക്കുന്നു

ധൈര്യപ്പെടുത്തുന്ന വചനങ്ങളെ പൂർണ്ണ അർത്ഥത്തിൽ നമ്മുടെ ഹൃദയത്തിൽ ഏറ്റെടുക്കുക; "കർത്താവ് താൻ നിങ്ങളുടെ ഹൃദയങ്ങളെ ദൈവത്തിന്റെ സ്നേഹത്തിലേക്കും കർത്താവിന്റെ സഹിഷ്ണതയിലേക്കും തിരിക്കുമാറാകട്ടെ" (2തെസ്സ. 3:5). ഇതേ പദം, യാക്കോബ് 5:11-ൽ കർത്താവിന്റെ കഷ്ടാനുഭവങ്ങളിൽ പങ്കാളി എന്നതിന് ഉപയോഗിച്ചിരിക്കുന്നു. ഇതിന്റെ അക്ഷരീകാർത്ഥം " കീഴിൽ വസിക്കുക " എന്നാണ്. കഷ്ടതയുടെ നടുവിൽ നിവരേ നില്ക്കുകയാണ് എന്നാണതിന്റെ അർത്ഥം. ഇതിന് ഒരു ദൂരെ കാഴ്ച ഉണ്ട്, ഈ കഷ്ടതകൾക്കപ്പുറത്തു എന്ത് എന്ന് തെരയുകയാണ്.

പ്രധാനപ്പെട്ട കാര്യം എന്നത് കർത്താവിന്റെ ക്രൂശിലേക്ക് പോകുക എന്ന അനുഭവമാണ്. എബ്രായർക്ക് എഴുതിയ ലേഖനകാരൻ ഇങ്ങനെ പറയുന്നു, "ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയ സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ട് സകല ഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക, തന്റെ മുമ്പിൽ വച്ചിരിക്കുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തു ഭാഗത്ത് ഇരിക്കയും ചെയ്തു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്ക് നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ (എബ്രാ. 12:1-3). ശത്രുതാ, അനീതി, വേദന, ലജ്ജ, കഷ്ടത തുടങ്ങിയ എല്ലാം നമുക്കു മുമ്പേ നമ്മുടെ കർത്താവ് അനുഭവിച്ചു. എന്നാൽ അവിടുന്ന് ഇതിന്റെ നടുവിലൂടെ കടന്നു പോയി. അവിടുന്ന്, " തന്നെത്താൻ താഴ്ത്തി, മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു " (ഫിലി. 2:8).

യേശുവിന് ഇത് എളുപ്പമായിരുന്നുവോ? ഇല്ല, അത് കഠിനമായിരുന്നു, അവിടുന്ന് പ്രാർത്ഥിച്ചു, പിതാവേ, കഴിയും എങ്കിൽ ഈ പാനപാത്രം എങ്കിൽ നിന്നും നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കും പോലെയല്ല നീ ഇച്ഛിക്കും പോലെ ആകട്ടെ എന്ന് പ്രാർത്ഥിച്ചു. അവൻ പ്രാണവേദനയിലായി, അവിടുന്ന് പ്രാർത്ഥിച്ചു, " പിന്നെ അൻപ്രാണ വേദനയിലായി അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു; അവന്റെ വിയർപ്പ് നിലത്തു വീഴുന്ന ചോരത്തുള്ളിപോലെയായി ". (ലൂക്കോ. 22:44). അവിടുന്ന് ദൈവേഷ്ടത്തിന് പൂർണ്ണമായി സമർപ്പിച്ചു, ക്രൂശിലേക്ക് പോയി. തന്റെ ആത്മാവിനെ പിതാവിന്റെ കരങ്ങളിൽ ഏല്പിച്ചു (ലൂക്കോ. 23:46). മൂന്നു ദിവസത്തിനു ശേഷം, പിതാവ് തന്റെ വിശ്വസ്തയാലും, സർവ്വശക്തിയാലും, മരണത്തിൽ നിന്നും ഉയിർത്തെഴുന്നേല്പിച്ച് അവിടുത്തെ ഏറ്റവും ഉയർത്തി. എല്ലാ നാമത്തിലും മേലായ നാമം നൽകി! (എഫെ. 1:20,21; ഫിലി. 2:9). ദൈവം എല്ലായ്പ്പോഴും ചെയ്യുന്നതുപോലെ, തന്നിൽ ആശ്രയിക്കു

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

ക്രിസ്തു - മാതൃകയും കരുതലിന്റെ ഉറവിടവും

ന്നവർക്കുവേണ്ടി ഏറ്റവും നല്ല പ്രവൃത്തി അയക്കുന്നു.

കഷ്ടതകളിൽ നമ്മുടെ ഉറവിടം

യേശു നമ്മുടെ കഷ്ടതകളിൽ ഏറ്റവും നല്ല ഉദാഹരണമാണ്. എന്നാൽ അവിടുന്ന് കുറച്ചു കൂടുതൽ നമ്മുടെ കഷ്ടതയിൽ നമ്മുടെ ശക്തിയുടെ ഉറവിടമായിരിക്കുന്നു. അവിടുത്തെ മരണപുനരുത്ഥാനങ്ങളിലുള്ള കൂട്ടായ്മയാൽ, അവിടുത്തെ ജീവൻ നമ്മിൽ ആയിരിക്കുന്നു. കർത്താവായ യേശുക്രിസ്തു നമ്മിൽ വസിക്കുന്നു. അവിടുന്ന് വിശ്വാസത്തിന്റെ നായകനും അതിനെ പൂർത്തിയാക്കുന്നവനും ആകുന്നു, ആശ്രയിക്കാൻ കൊള്ളാകുന്നവനായി ജീവിക്കുന്നു! അവിടുത്തെ കൂടാതെ ഒന്നും നമുക്ക് ചെയ്യാൻ കഴിയില്ല, എന്നാൽ യേശുക്രിസ്തുമൂലം നമുക്ക് സകലവും ചെയ്യുവാൻ കഴിയും! (യോഹ. 15:5; ഫിലി. 4:13). അവിടുത്തെ ജനം എന്ന നിലയിൽ, പൂർണ്ണശക്തിയോടെ ബലപ്പെട്ടു, തന്റെ ശക്തിയുടെ മഹത്വത്താലും, സഹിഷ്ണതയാലും ദീർഘക്ഷമയാലും സന്തോഷിപ്പിൻ " (കൊലൊ1:11). ക്രിസ്തു താൻ പറയുന്നത്, "എന്റെ കൃപ നിനക്കു മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു" (2കൊരി. 12:9).

അതുകൊണ്ട് കഷ്ടങ്ങളും പ്രയാസങ്ങളും നേരിടുന്ന ഈ അവസാന നാളുകളിൽ, ഞാൻ നിങ്ങളെ ധൈര്യപ്പെടുത്തുന്നു, നിങ്ങളുടെ ജീവിതങ്ങളിൽ പ്രവർത്തിക്കുന്ന ക്രിസ്തു എന്ന മാതൃകയെ പിന്തുടരുവാൻ നിങ്ങളെ സഹായിക്കട്ടെ. നിങ്ങളുടെ ജീവിതത്തെ തന്റെ സാന്നിദ്ധ്യം കൊണ്ട്, തന്റെ ശക്തികൊണ്ട്, തന്റെ കൃപകൊണ്ട്, തന്റെ സ്നേഹം കൊണ്ട് നിറച്ച് നമ്മെ ധൈര്യപ്പെടുത്തി നില്ക്കുവാൻ നിങ്ങളെ സഹായിക്കട്ടെ. കഷ്ടതകളിലും പ്രയാസങ്ങളിലും ആവശ്യമായ ദൈവശക്തിക്കായി ചോദിച്ചുകൊണ്ട് വേല തികയ്ക്കുവാനായി, എല്ലാം ദൈവത്തിന്റെ നാമത്തിന്റെ മഹത്വത്തിനായി തീരുവാനും ദൈവമായ കർത്താവ് നമ്മെ സഹായിക്കട്ടെ.

❖

വച്ചു മാറിയ ജീവിതം

By J.Hudson Taylor

ജെ.ഹഡ്സൻ ടെയിലർ, ചൈന ഇൻലാന്റ് മിഷൻ സ്ഥാപകനായിരുന്നു. ഈ കത്ത് എഴുതിയത് ചൈനയിൽ നിന്നും ബ്രിട്ടനിൽ ഉള്ള തന്റെ സഹോദരിക്ക് എഴുതിയതായിരുന്നു.

കഴിഞ്ഞ മാസം എന്റെ ജീവിതത്തിലെ സന്തോഷകരമായ ഒന്നായിരുന്നു. ഒരു പക്ഷേ തിരിച്ച് പോയാലോ എന്ന് ചിന്തിച്ച ദിവസങ്ങൾ. ഏഴെട്ടു മാസങ്ങൾ വളരെ സമ്മർദ്ദങ്ങളിലൂടെ കടന്നുപോയി, വ്യക്തിപരമായ ആവശ്യങ്ങൾ, മിഷൻ പ്രവർത്തനങ്ങൾ, വിശുദ്ധി, ജീവിതം, ആത്മശക്തി തുടങ്ങിയ വിഷയങ്ങൾ വ്യക്തിപരമായ ആവശ്യം ആദ്യത്തേതും വലുതുമായിരുന്നു. അപമാനം, അപകടം, ദൈവത്തിനായി ജീവിക്കുന്നവരുടെ പാപം എന്നെ വല്ലാതെ അലട്ടി. ഞാൻ പ്രാർത്ഥിച്ചു. വേദനപ്പെട്ടു, ഉപവസിച്ചു, പരിഹാരങ്ങൾ തേടി, ധാരാളം സമയം ധ്യാനത്തിൽ ചെലവഴിച്ചു, എല്ലാം മറുപടി ഇല്ലാത്തുപോലെ.

ഓരോ ദിവസവും, ഏകദേശം ഓരോ മണിക്കൂറും മനസാക്ഷിയുടെ പാപം എനിക്കെതരേ നിന്നു. ഞാൻ ക്രിസ്തുവിൽ നിലനിന്നാൽ എല്ലാവരും നിലനില്ക്കും, എന്നാൽ എനിക്കതിന് കഴിഞ്ഞില്ല. ഓരോ ദിവസവും പ്രാർത്ഥനയിൽ ഞാൻ ആരംഭിച്ചു. ഒരു നിമിഷം ഞാൻ കർത്താവിന്റെ മുഖത്തേയ്ക്ക് ഇമവെട്ടാതെ നോക്കി; ജോലിയിലുള്ള ഭാരം, എന്നെ അധികമായി ഞെരുക്കി, തുടർച്ചയായി തടസങ്ങൾ എന്നെ തീർത്തും ക്ഷീണിതനാക്കി, പലപ്പോഴും ദൈവത്തെ മറക്കുവാൻ കാരണമാക്കി. ചൈനയിലെ കാലാവസ്ഥ മൂലം എന്റെ ഞരമ്പുകൾ വലിയുന്നതുപോലെ തോന്നി, കഠിനമായ ചിന്തകളും ചില സമയത്തെ ദയയില്ലാത്ത വാക്കുകളും എന്റെ മനസ് നിയന്ത്രണം വിടുന്നതുപോലെ തോന്നി. ഓരോ ദിവസവും പാപവും, തോൽവിയും, ശക്തിയില്ലായ്മയും എന്നെ വല്ലാതെ അലട്ടി.

ഒരു ചോദ്യം കടന്നുവന്നു, ഒരു വിടുതൽ ഇല്ലേ? ഇങ്ങനെ അവസാനിക്കുകയാണോ - നിരന്തര വൈരുദ്ധ്യങ്ങൾ,. വിജയത്തിന് പകരം തികഞ്ഞ പരാജയം. എങ്ങനെ, ഞാൻ ഇനിയും യേശുവിനെ പ്രസംഗിക്കും, " അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു ". ഇത് എന്റെ അനുഭവം അല്ലല്ലോ (യോഹ. 1:12).

നന്നായി വളരേണ്ടതിന് പകരം, എന്റെ ശക്തി കുറഞ്ഞു വരുന്നതുപോലെ എനിക്കു തോന്നി, പാപത്തിനെതിരെയുള്ള എന്റെ ശക്തി പറഞ്ഞതുപോലെ, അത്ഭുതങ്ങളില്ല, വിശ്വാസവും പ്രത്യാശയും കുറഞ്ഞു പോയിരിക്കുന്നു. ഞാൻ എന്നെത്തന്നെ വെറുത്തു, എന്റെ പാപങ്ങളെ വെറുത്തു, എനിക്കതിനെ എതിർക്കുവാൻ ശക്തിയില്ലെന്ന് തോന്നി. ഞാൻ ഒരു ദൈവപൈതൽ എന്ന് എനിക്കു തോന്നി. അവിടുത്തെ ആത്മാവ് എന്റെ ഉള്ളിൽ കരയുന്നു എല്ലാറ്റിനും, " അബ്ബാ പിതാവേ " (റോമ. 8:15,16). എന്റെ പദവിയിലേക്കു യഥാർത്ഥത്തിൽ ഞാൻ ശക്തിയില്ലാത്തവൻ.

ശക്തിയില്ലാതെ ദു:ഖിക്കുന്നവൻ

ഞാൻ നിങ്ങൾക്ക് ചില നീണ്ട അനുഭവിച്ച് ക്ഷീണമുള്ള മാസങ്ങളെ പരിചയപ്പെടുത്താം. ഇതാണ് ആത്മാക്കളുടെ സ്ഥിരമായ സ്ഥിതി വിശേഷം, ഞാൻ ദയ കാണിക്കുന്നവർ, ഏകദേശം എല്ലാം നിരാശയിൽ അവസാനിച്ചു. ഒരിക്കലും വിലപ്പെട്ടവരായി കാണുന്നില്ല. ഒരു രക്ഷകൻ പാപിയെ രക്ഷിക്കുന്നു! ചിലപ്പോൾ അവരുടെയിടയിൽ കർത്താവിലുള്ള സന്തോഷമുണ്ട്, സമാധാനമുണ്ട്. എന്നാൽ അവയൊക്കെ താല്ക്കാലികം, അതിൽ മെച്ചമായത് ശക്തിയില്ലാതെ ദു:ഖിക്കുന്നവർ. അതെ, എത്ര നല്ലവനായ കർത്താവ്,വൈരുദ്ധ്യമുള്ള ഒരു അവസാനം!

എല്ലാ സമയവും ഞാൻ ചിന്തിക്കാറുണ്ട്. ക്രിസ്തുവിൽ എല്ലാ കാര്യങ്ങളും നിരവേറും, എന്നാൽ പ്രായോഗികതലത്തിൽ ഇത് എങ്ങനെ നിറവേറും. അവിടുന്ന് ധനവാനാണ്, സത്യം. എന്നാൽ ഞാൻ ബലഹീനൻ. ഞാൻ അറിയുന്നു വേരു, തണ്ട്. എല്ലാം വേണ്ടുവോളം കൊഴുത്തത്, എന്നാൽ, എന്റെ ക്ഷീണവും ബലഹീനവും ആയ കൊമ്പ്, അതാണ് ചോദ്യം. പ്രഭാതം വിടരുന്നു, ഞാൻ കണ്ടു, വിശ്വാസം മാത്രം മുന്നമേ ആവശ്യമായിരിക്കുന്നു. വിശ്വാസം വന്ന് അതിന്റെ അളവിലും നിറവിലും എന്റെ സ്വന്തമാക്കട്ടെ. എന്നാൽ എനിക്ക് ഈ വിശ്വാസം ഉണ്ടായിരുന്നില്ല.

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

വച്ചു മാറിയ ജീവിതം

ഞാൻ അതിനായി അതിയായി ആഗ്രഹിക്കുന്നു, പക്ഷേ അതു വരുന്നില്ല; അതിനായി പരിശ്രമിക്കുന്നു, എന്നാൽ വ്യർത്ഥം.

നമ്മുടെ ക്രിസ്തുവുമായുള്ള ഐക്യം

എന്റെ ആത്മാവിന്റെ വേദന അതിന്റെ ഉയരങ്ങളിൽ എത്തി, ഒരു ദൈവദാസൻ എഴുതിയ വാചകം എന്റെ കണ്ണിൻ മുമ്പിൽ നിന്നു നീക്കുവാൻ ആവശ്യപ്പെട്ടു, ആത്മാവ് വെളിപ്പെടുത്തിയ യേശുവുമായുള്ള ഐക്യത, ഞാൻ മുമ്പ് ഒരിക്കലും അറിഞ്ഞിട്ടില്ല. ആ ദൈവ ദാസൻ ഇതേ അനുഭവത്തിൽ തോൽവി അനുഭവിച്ചവനാണ്, ആ വെളിച്ചം കണ്ടു. അങ്ങനെ എഴുതി.

“ എങ്ങനെ വിശ്വാസത്തെ ശക്തിപ്പെടുത്തുവാൻ കഴിയും? വിശ്വാസം വന്നതിന് ശേഷമല്ല, വിശ്വസ്തനായവനിൽ ആശ്രയിക്കുന്നതിലൂടെയാണ് ”.

ഞാൻ അതു വായിക്കുമ്പോൾ ഞാൻ അത് എല്ലാം കണ്ടു! “ നാം അവിശ്വസ്തരായിത്തീർന്നാലും അവൻ വിശ്വസ്തനായി പാർക്കുന്നു ” (2തിമൊ. 2:13). ഞാൻ യേശുവിനെ നോക്കിക്കണ്ടു അവിടുന്ന് വീണ്ടും പറയുന്നു, “ ഞാൻ നിന്നെ ഉപേക്ഷിക്കയില്ല” (എബ്രാ. 13:5). ഞാൻ ചിന്തിച്ചു, “ അതെ, അവിടെ വിശ്രമം ഉണ്ട്! “ഞാൻ വിശ്രമം പ്രാപിപ്പാനായി -4-വ്യർത്ഥമായി പരിശ്രമിച്ചു. എനിക്ക് കിട്ടിയില്ല. അവിടുന്ന് ഒരിക്കലും പറഞ്ഞില്ല, എന്നോടുകൂടെ വസിക്കുക എന്ന്, ഞാൻ നിന്നെ ഉപേക്ഷിക്കയില്ല, ഞാൻ നിന്നെ പരാജയപ്പെടുത്തുകയില്ല. അവിടുന്ന് ഒരിക്കലും അങ്ങനെ ചെയ്കയില്ല.

എന്നാൽ ഈ കാര്യങ്ങളുടെ പകുതിപോലെ എന്നെ കാണിച്ചിരുന്നില്ല. ഇതിന്റെ പകുതി പോലും മുന്തിരിവള്ളിയുടെയും കൊമ്പുകളുടെയും കാര്യം ഞാൻ ചിന്തിച്ചപ്പോൾ, അവിടുന്ന് ആത്മാവിനെ എത്ര നേരിട്ടാണ് എന്റെ ഉള്ളിൽ പകർന്നിരിക്കുന്നത്. എത്ര ശ്രേഷ്ഠായ നിലയിലാണ് തന്റെ നിറവുകൾ എന്റെ മേൽ പകർന്നിരിക്കുന്നത്. ഞാൻ കണ്ടത് യേശു എന്നെ ഒരു നാളും ഉപേക്ഷിക്കയില്ല, “ നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലോ ശരീരത്തിൽ നിന്നും അസ്ഥിക്ക് അസ്ഥിയും മാംസത്തിന് മാംസവും ആകുന്നു” (എഫെ. 5:30).

മുന്തിരിവള്ളി എന്നത്, കേവലം വേര് മാത്രമല്ല, എന്നാൽ എല്ലാം വേര്, തണ്ട്, കൊമ്പുകൾ, ഇലകൾ, പൂക്കൾ, ഫലം. എന്നാൽ യേശു അതു മാത്രമല്ല, അവിടുന്ന് മണ്ണും സൂര്യപ്രകാശവും ആണ്, വായുവും ജലവുമാണ്, പതിനായിരം പ്രാവശ്യം സ്വപ്നം കാണാറുണ്ട്, നന്ദി പറയും (യോഹ. 15:1). അതെ, ഇതു കാണുന്നത് എത്ര സന്തോഷം. കണ്ണുകൾ പ്രകാശിക്കുന്നതിന് വേണ്ടി ഞാൻ പ്രാർത്ഥിക്കും; നിങ്ങൾ അറിയണം, ക്രിസ്തുവിൽ അത് സൗജന്യമായി ലഭിച്ചിരിക്കുന്നു (എഫെ. 1:18).

ഉയിർത്തെഴുന്നേറ്റ കർത്താവിനോട് കൂടെ ആയിരിക്കുന്ന അനുഭവം അത്ഭുതകരമണ്, കർത്താവിന്റെ ശരീരത്തിലെ ഒരവയവമായി. ഇതു ചിന്തിക്കുക. ധനികനായ ക്രിസ്തുവും പാവപ്പെട്ടവനുമായി ഒരുമിച്ച് ആയിരിപ്പാൻ കഴിയുമോ? നിങ്ങളുടെ വലങ്കൈ ധനികനായിരിക്കുമ്പോൾ ഇടതുകൈ പാവപ്പെട്ടവനയിരിക്കയോ? നിങ്ങളുടെ തല നന്നായിരിക്കുമ്പോൾ ശരീരം പട്ടിണി കിടക്കയോ?

വീണ്ടും പ്രാർത്ഥനയോടെ ചിന്തിക്കുക. ഒരു ബാങ്ക് ജീവനക്കാരന് ഇടപാടുകാരനോട് പറയാൻ കഴിയുമോ “ ഇത് നിന്റെ കയ്യാണ്, ചെക്ക് എഴുതുന്നത്, നിങ്ങൾ അല്ലേ ”, അല്ലെങ്കിൽ നിങ്ങളുടെ കയ്യിൽ ഈ തുക തരാൻ കഴിയുകയില്ല, എന്നാൽ നിങ്ങൾക്ക് മാത്രം.

നിങ്ങളുടെ പ്രാർത്ഥനകൾ ഇനി ഇല്ല എന്ന് പറയാൻ കഴിയുമോ, അഥവാ എന്റെ യേശുവന്റെ നാമത്തിൽ കിട്ടിയതിനെ ഇല്ലാതാക്കുവാൻ കഴിയുമോ (അതായത്, നമ്മുടെ സ്വന്തം പേരിലല്ല, അഥവാ കേവലം ക്രിസ്തുവിനുവേണ്ടി, എന്നാൽ നാം അവിടുത്തെ വകയാണ്. അവിടുത്തെ അവയവങ്ങൾ). ക്രിസ്തുവിന്റെ സമ്പത്ത് നമ്മിൽ സൂക്ഷിക്കുന്നു പ്രോത്സാഹനകരമായ വിശാലമായ പരിധിയിൽ!

ദൈവത്തിന്റെ വചനപ്രകാരം അല്ലാതെ എന്തെങ്കിലും ചോദിച്ചാൽ അഥവാ ദൈവത്തിന്റെ ഇഷ്ടപ്രകാരമല്ലാതെ എന്തെങ്കിലും ചോദിച്ചാൽ കർത്താവിന് തന്നിൽ തന്നെ ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല; എന്നാൽ “ അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ, അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളത് നമുക്ക് അവനോടുള്ള ധൈര്യം ആകുന്നു. നാം എന്ത് അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളത് നമുക്ക് അവനോടുള്ള ധൈര്യം ആകുന്നു. നാം എന്ത് അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോട് കഴിച്ച അപേക്ഷ നമുക്ക് ലഭിച്ചു എന്നും അറിയുന്നു ” (1യോഹ. 5:14, 15).

ക്രിസ്തുവിനോടുകൂടെ പൂർണ്ണ മേൽവിലാസം

ഏറ്റം മാധുര്യമേറിയ ഭാഗം, ഒരുവൻ സംസാരിക്കുമ്പോൾ ഒന്ന് മറ്റേതിനെക്കാൾ മാധുര്യമായ എന്ന് പറഞ്ഞാൽ ബാക്കിയുള്ളത് ക്രിസ്തു കൊണ്ടുവരുന്ന സമ്പൂർണ്ണ മേൽവിലാസമായിരിക്കും. എനിക്ക് ഒന്നിനെക്കുറിച്ചും ആകാംക്ഷ ഇല്ല എന്ന് ഞാൻ പറഞ്ഞാൽ, ഞാൻ ഉറപ്പുവരുത്തുന്നു; അവിടുത്തേയ്ക്കു വേണ്ടി ഞാൻ അറിയുന്നു, അവിടുത്തെ ഇഷ്ടം പുറത്തു കൊണ്ട് വരുന്നു. അവിടുത്തെ ഇഷ്ടം എന്റേത് ആണ്.

ഒന്നുമില്ലായ്മയിൽ അവിടുന്ന് നമ്മെ സ്ഥാപിക്കുകയില്ല, അവിടുന്ന് എനിക്കു വേണ്ടി കരുതുന്നു; മെച്ചമായ പദവികളിൽ അവിടുത്തെ കൃപ എനിക്കു തരുന്നു, പ്രയാസവേളകളിലും, തന്റെ കൃപ മതിയായത്. ഞാൻ എന്റെ വേലക്കാരനെ വിളിച്ച് കുറച്ചു പണം കൊടുത്തിട്ട് കുറച്ചു സാധനങ്ങൾ വാങ്ങിക്കൊണ്ടുവരാൻ പറഞ്ഞു, അഥവാ കുറച്ചു വില പിടിപ്പുള്ള വസ്തുക്കൾ. അദ്ദേഹം സാധനങ്ങൾ വാങ്ങി മടങ്ങി വന്നു. ദൈവം നമ്മെ ആക്കി വച്ചത് ഉത്തരവാദിത്വപ്പെട്ട ഒരു ജോലിയെങ്കിൽ, അതിനാവശ്യമായ വഴി കാണിക്കാതിരിക്കുമോ? വലിയ പ്രയാസഘട്ടങ്ങളിൽ വേണ്ടുന്ന കൃപ, സമ്മർദ്ദങ്ങളുണ്ടാക്കുന്ന സ്ഥിതി വിശേഷം ഉണ്ടായാൽ വേണ്ടുന്ന ബലം. ഭയം വേണ്ട, അത്യാവശ്യ ഘട്ടങ്ങളിൽ അവിടുത്തെ കരുതൽ അതുല്യം!

അവിടുത്തെ കരുതലുകൾ എന്റേതാണ്, കാരണം, അവിടുന്ന് എന്നോട് കൂടെയുണ്ട്, അവിടുന്ന് എന്നിൽ വസിക്കുന്നു. ക്രിസ്തുവിനോട് നമുക്കുള്ള ഐക്യം എല്ലാം നമുക്ക് പകർന്നു തരുന്നു, വിശ്വാസത്താൽ ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ വസിക്കുന്നു. എത്ര സന്തോഷം എന്റെ ജീവിതത്തിൽ. ❖

ക്രിസ്തു എല്ലാ ആത്മിക അനുഗ്രഹങ്ങളുടെയും ഉറവിടം
By Octavius Winslow

ക്രിസ്തുവിൽ നാം തെരഞ്ഞെടുക്കപ്പെട്ടവർ. പിതാവ് ക്രിസ്തുവിലൂടെ നമുക്ക് വാഗ്ദത്തം നൽകിയിരിക്കുന്നു. ക്രിസ്തുവിൽ നമുക്ക് എല്ലാ ആത്മീക അനുഗ്രഹങ്ങളും നൽകപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൽ നാം വിളിക്കപ്പെട്ടിരിക്കുന്നു, വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൽ നാം വിളിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൽ നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു, നീതീകരിക്കപ്പെട്ടിരിക്കുന്നു, വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു, മഹത്വീകരിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൽ എല്ലാ അനുഗ്രഹങ്ങളും ആദ്യം മുതൽ അവസാനം വരെ രക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നു. തന്റെ കൈകളിൽ ക്രിസ്തുവിന് പിതാവുമായുള്ള ബന്ധത്തിൽ നമുക്കു നൽകപ്പെട്ടിരിക്കുന്നു.

അപ്പോസ്തലനായ പൗലൊസ് പറയുന്ന ഒരു അനുഗ്രഹിക്കപ്പെട്ട കീർത്തനമുണ്ട്. "സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായൻ വാഴ്ത്തപ്പെട്ടവൻ. തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് അവൻ ലോകസ്ഥാപനത്തിന് മുമ്പേ നമ്മെ അവനിൽ തെരഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തുമുഖാന്തിരം നമ്മെ ദത്തെടുക്കേണ്ടതിന് അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നൽകിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചക്കായി സ്നേഹത്തിൽ നമ്മെ മുനിയമിക്കുകയും ചെയ്തുവല്ലോ" (എഫെ. 1:3-6).

അതാണ് നിത്യ സമുദ്രം, അവിടെ നിന്നും ഇത് നദിയായി ഒഴുകി, ഈ അരുവികൾ പകരുന്നു, അത് അവിടെ മടിത്തട്ടിൽ എണ്ണമില്ലാത്ത അനുഗ്രഹമായി, ദൈവത്തിന്റെ സഭയിൽ പകർന്ന് ക്രിസ്തുവിന്റെ തോട്ടത്തിലേക്ക് ജീവിക്കുന്ന ഫലങ്ങളാൽ അലംകൃതമായി, ദിവ്യഫലങ്ങളിൽ സമ്പന്നമായി, തോറ്റുപോകാത്ത പുഷ്പങ്ങളായി, അലങ്കരിച്ച്, സുഗന്ധമായി, "അവൻ അടുത്തു ചെന്ന് അവനെ ചുംബിച്ച് അവൻ അവന്റെ വസ്ത്രത്തിന്റെ വാസന മണത്തിട്ട് അവനെ അനുഗ്രഹിച്ചു" (ഉല്പ. 27:27). ക്രിസ്തുവിന്റെ നിത്യമായ സ്നേഹം! എന്റെ വീണ്ടെടുപ്പിന്റെ ദിവ്യ ഉറവിടം; വെള്ളമില്ലാതെ ഉണങ്ങിവരണ്ട ദേശത്ത് ധുരമുള്ള ഉറവ; വിശ്വസ്തരായ എന്റെ വിശ്വാസികളുടെ സന്തോഷവും പ്രതിജ്ഞയും, അത് എന്റെ പ്രത്യാശ വർദ്ധിപ്പിക്കുന്നു, അതിനായി എന്റെ ആത്മാവ് വാഞ്ഛിക്കുന്നു. എന്റെ ഹൃദയത്തിന്റെ സിംഹാസനത്തിൽ ഇരുത്തുന്നു. നിങ്ങളുടെ വിനീതമായ, കല്പനകളിലൂടെ, ഉത്സാഹശേഷിയാൽ എന്റെ ഹൃദയം നിറയുമാറാകട്ടെ. ❖

ക്രിസ്തുവിന്റെ കൂട്ടായ്മയിൽ വളരുക
By Alexander Mac Laren

"കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ" (2പത്രൊ. 3:18).

ക്രിസ്തുവിന്റെ സൗന്ദര്യത്തിനതീതമായി എന്തെങ്കിലും നിങ്ങളുടെ സ്വഭാവത്തിലുണ്ടോ, നിങ്ങളുടെ ഹൃദയത്തിലുള്ള ദൈവകൃപയ്ക്കതീതമായി അവിടുത്തെ ജീവിതത്തിലുണ്ടോ, കഴിഞ്ഞ പത്തു വർഷമായി നിങ്ങളുടെ ജീവിതത്തിലുണ്ടോ? ലോകവ്യാപകമായ പ്രവൃത്തിയിലും കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലും വളരുന്ന ക്രിസ്തീയ കൃപയാണ് സത്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അവിടുന്ന് ജീവന്റെ ഉറവയാണ്. ഹൃദയം അവിടുത്തോട് ചേർന്നു കാര്യങ്ങൾ നല്ല നിലയിൽ പോകുന്നു എന്നതിന്റെ ഭംഗിയും നല്ല റിപ്പോർട്ടുമാണത്. ക്രിസ്തുവുമായുള്ള ബന്ധത്തിൽ നിങ്ങളുടെ ജീവിതം സൂക്ഷിക്ക, ക്രിസ്തു നിങ്ങളെ വളർത്തും.

ഇത് നിങ്ങളുടെ ജീവിതത്തെ ക്രിസ്തുവുമായുള്ള ബന്ധത്തിൽ കാക്കും, എന്നാൽ ക്രിസ്തുവിന്റെ ബന്ധമില്ലാതെ നിങ്ങളുടെ ഇടപാടുകൾ ശൂന്യമാണ്. ക്രിസ്തുവുമായി ബന്ധമില്ലാതെ, ആത്മീക വളർച്ചയില്ല. ഒരു ചെടിയുടെ കാര്യം എടുക്കുക, മണ്ണുമായി ബന്ധമില്ലാതെ, സൂര്യപ്രകാശത്തിൽ നിന്നും മറെച്ച്, വെള്ളം ഒഴിക്കാതെ അതിന് വളരുക സാദ്ധ്യമല്ല. എന്നാൽ മണ്ണിൽ വേരൂന്നി, സൂര്യപ്രകാശത്തിൽ പുഞ്ചിരിച്ചു. ആകാശത്തു നിന്നു പെയ്യുന്ന മഴയും മഞ്ഞും നനെഞ്ഞു, താമരപോലെ വളരും, ദേവദാരുവിനെപോലെ വേരൂന്നി വളരും.

യഥാർത്ഥ ക്രിസ്ത്യാനിത്വത്തിന്റെ വളർച്ചയും യഥാർത്ഥ ആത്മിക ജീവിതവും, നമ്മുടെ കർത്താവും ഗുരുവുമായി യേശുവുമായി ബന്ധപ്പെട്ടിരിക്കുന്നു. അവർക്ക് ജീവനുണ്ടാകുവാനും സമൃദ്ധിയായി ഉണ്ടാകുവാനുമത്രേ ഞാൻ വന്നിരിക്കുന്നത്" (യോഹ. 10:10)

ആഫ്രിക്കൻ രാജ്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുക

ആഭ്യന്തര കലഹം നടക്കുന്ന എത്യോപ്യ, എറിട്രേയ, സുഡാൻ എന്നീരാജ്യങ്ങളിൽ കലഹം, പട്ടിണി, ദേശവ്യാപകമായ പ്രശ്നങ്ങൾ, പ്രത്യേകിച്ച് സ്ത്രീകളോടും കുട്ടികളോടുമുള്ള അതിക്രമങ്ങൾ എന്നിവ നടക്കുന്ന രാജ്യങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുക. വർഗ്ഗീയ കലാപം നടക്കുന്ന ഇടങ്ങളിൽ ആളുകൾ കൂട്ടം തിരിഞ്ഞു അതിക്രമങ്ങളും കലാപവും നടക്കുന്നു. ആഗമനദൂതൻ ഈ ദേശങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കാനപേക്ഷിക്കുന്നു.

പരസ്പര സ്നേഹത്തിൽ ജനം ജീവിക്കുവാനും ഇനി മറ്റൊരു യുദ്ധം പൊട്ടിപുറപ്പെടാതിരിക്കുവാനും പ്രാർത്ഥിക്കുക. കഷ്ടത്തിലായിരിക്കുന്നവരുടെമേൽ കർത്താവിന്റെ കരുണയുണ്ടാകുവാനും, പീഢിപ്പിക്കുന്നവരുടെമേൽ ദൈവത്തിന്റെ പ്രത്യേക സംരക്ഷണം ഉണ്ടാകുവാൻ പ്രത്യേകിച്ച് സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സംരക്ഷണത്തിനായി.

സോമാലിയായിൽ പുതുതായി മാനസാന്തരപ്പെട്ടവർക്കായി ഭീകര പ്രസ്ഥാനങ്ങൾ സാധാരണക്കാരായ ആളുകളുടെമേൽ ഉയർത്തുന്ന ഭീഷണിയെ ഇല്ലാതാക്കുവാൻ.

വിഭാഗീയത വളർത്തുന്ന രാഷ്ട്രീയ ഗ്രൂപ്പുകൾക്കെതിരെ സമാധാനം കൈവരുവാനും, ദൈവത്തിന്റെ വചനം ശക്തിയോടും ധൈര്യത്തോടും പ്രസംഗിക്കേണ്ടതിനായും പ്രാർത്ഥിക്കുക. വിശ്വാസികൾ തെറ്റായ പിഠപ്പിക്കലുകൾക്കെതിരെയും തെറ്റായ ഉപദേശങ്ങൾ ക്കെതിരെയും ശക്തമായി നിലകൊള്ളേണ്ടതിനായും പ്രാർത്ഥിക്കുക. ബഹുമുഖമായ പ്രശ്നങ്ങളിൽ, ദൈവത്തിന്റെ ശക്തമായ ഇടപെടലിനെയോർത്തു പ്രാർത്ഥിക്കുക. ദൈവം സൗഖ്യം, നീതി, നിലനിൽക്കുന്ന സമാധാനവും ദൈവികവിടുതലും അതിവേഗം അയക്കേണ്ടതിനായി പ്രാർത്ഥിക്കാം. ❖

ക്രിസ്തുവിൽ എങ്ങനെ വസിക്കാം

By Harriet Beecher Stowe

ക്രിസ്തുവിൽ വസിച്ച് ജീവന്റെ വഴിയിൽ നടക്കുന്നത് സംബന്ധിച്ച് കാത്തിരിപ്പ്, പ്രാർത്ഥ, ധ്യാനം, ദയ, പരോപകാരം, താഴ്മ ഒട്ടനവധി മാധുര്യമേറിയ അനുഭവങ്ങൾ അടിമപ്പെടുത്തി വേല ചെയ്യിക്കുന്നതിന് പകരം യഥാർത്ഥ സ്വാതന്ത്ര്യവും ആകുന്നു.

ക്രിസ്തു യോഹ. 15:4-ൽ പറഞ്ഞിരിക്കുന്ന ഉപമയിൽ " കൊമ്പിന് സ്വയമായി ഫലം കായ്പാൻ കഴികയില്ല; ഇത് മുന്തിരി വള്ളിയിൽ വസിക്കേണ്ടതാകുന്നു; നിങ്ങൾക്ക് എന്നിൽ വസിച്ചിട്ടല്ലാതെ കഴിയുകയില്ല ". ഇപ്പോൾ എങ്ങനെ ഒരു കൊമ്പിന് ഫലം കായ്പാൻ കഴിയും? തുടർച്ചയായി കിട്ടുന്ന സൂര്യപ്രകാശവും വായുവുമല്ല; പച്ച പിടിച്ചു വളരുവാനും മനോഹരമായി പൂത്ത് ഫലം കൊടുക്കുവാനുമല്ല, ഇലകൾക്ക് നീണ്ട പച്ച കൊടുക്കുന്നതും അല്ല അത് മുന്തിരി വള്ളിയിൽ വസിക്കണം, ശാന്തവും ശല്യം ചെയ്യാത്തതുമായ ഐക്യത; പൂക്കളും കായ്കളും പ്രത്യക്ഷത്തിൽ നന്നായി വളരേണം.

എന്നാൽ, അപ്പോൾ എങ്ങനെയാണ് ഒരു വിശ്വാസി ഫലം കായ്ക്കേണ്ടത്? കഷ്ടങ്ങളിലും പ്രയാസങ്ങളിലും നിലനിന്ന് ഫലം കായ്ക്കുമോ? കാത്തിരിപ്പ്, പ്രാർത്ഥന, പ്രവൃത്തി, പരീക്ഷ, അപകടങ്ങൾ എന്നിവ ചുവടെ നടുവിൽഇല്ല. ക്രിസ്തുവിലുള്ള ഏകാഗ്രതയുള്ളവരായി പൂർണ്ണ സമർപ്പണമുള്ളവരായിരിക്കേണം, ദൈവകൃപക്കായി നിരന്തരം നോക്കിപ്പാർക്കേണം.

ജനിച്ച കുഞ്ഞ് അമ്മയുടെ മടിയിൽ സുഖമായി ഉറങ്ങുന്നതുപോലെ പ്രതിസന്ധികൾ മറന്ന് നാം ആശ്രയബോധത്തോടെ ആയിരിക്കേണം. ക്രിസ്തു ഓരോ സമയത്തും ഓരോസ്ഥലത്തും നാം ചെയ്യേണ്ട കാര്യങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു, നമ്മുടെ തെറ്റുകളെ ഉണർത്തുന്നു, പ്രയാസങ്ങളിൽ ആലോചനക്കാരനായിരിക്കുന്നു. ആവശ്യമുള്ള പ്രവൃത്തികൾക്കു വേണ്ടി നമ്മെ ആകാംഷയുള്ളവരാക്കുന്നു. ആത്മികമായി, നമ്മുടെ താൽക്കാലികമായ ആവശ്യങ്ങൾക്ക് വേണ്ടി നാളയെക്കുറിച്ചുള്ള ചിന്തകളെ ഇല്ലാതാക്കുന്നു. ഇന്നത്തേക്കും നാളെക്കും വേണ്ടിയത് ഒക്കെയും ക്രിസ്തു അറിയുന്നു, ക്രിസ്തുവിന്റെ സ്നേഹം നമ്മെ പിന്തുടരുന്നു. നമ്മുടെ പ്രത്യാശയും ആശ്രയവും എല്ലാം നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിൽ ആകുന്നു, നമ്മുടെ ദു:ഖ പരീക്ഷകളിലും വിജയം ലഭിക്കേണ്ടതിന് ശിശുസമാനമായ സമർപ്പണം നമ്മുടെ മുഴു ജീവിതത്തിലും ആവശ്യമാണ്. ഒരു ചെറിയ കുഞ്ഞ് അതിന്റെ എല്ലാവിധമായ പ്രയാസങ്ങളിലും തന്റെ അമ്മയിലേക്ക് അഭയം പ്രാപിക്കുന്നു.

ചിലർ പറയും " ഇത് അനുഗ്രഹിക്കപ്പെട്ട ഒരു അനുഭവമാണ്, പക്ഷേ എങ്ങനെയാണ് ഇത് പ്രാപിക്കുക? എങ്ങനെ ഞങ്ങൾ ആരംഭിക്കും ".

ഞങ്ങൾ ഉത്തരം പറയും, ഒരു പാപിയായ മനുഷ്യൻ ക്രിസ്തീയ ജീവിതം തുടങ്ങുന്നതുപോലെ ആയിരിക്കും. രക്ഷകനോട് അടുത്തുവരുമ്പോൾ പൂർണ്ണമായി, സ്വതന്ത്രമായി, ഹൃദയാംഗമായി അവിടുത്തെ കരങ്ങളിൽ, ദേഹം, ദേഹി, ആത്മാവ് പൂർണ്ണമായി, വീണ്ടെടുപ്പുകാരന്റെ ഇഷ്ടപ്രകാരം, അവിടുത്തെ രൂപ കല്പന പ്രകാരം ഏല്പിക്കേണം. ഓരോ ദിവസവും ഓരോ സാഹചര്യത്തിലും അവിടുത്തെ ഹിതത്തിനായി ജീവിക്കാനായി നമ്മുടെ ജീവിതത്തെ സമർപ്പിക്കുന്നു.

ഓരോ ദിവസം അവിടുത്തെ വചനം അനുസരിച്ച് ജീവിക്കുന്നതിനെ നാം സ്വപ്നം കാണേണം. പ്രഭാതത്തിൽ ഉണർന്ന്, ക്രിസ്തുവിന്റെ സംരക്ഷണം എപ്രകാരം ആയിരുന്നു എന്ന് വിലയിരുത്തേണം. ആദ്യ പരീക്ഷ, നിങ്ങളുടെ സമയങ്ങളെ ഉപയോഗിക്കുന്നതിൽ പരാജയപ്പെട്ടോ എന്ന് വിലയിരുത്തുക. പെട്ടെന്ന് നാം പറയണം, " കർത്താവേ എന്നെ സഹായിക്കേണമേ ". അടുത്തു ഒരു പരീക്ഷയായിരിക്കാം. വീണ്ടും കർത്താവിന്റെ മേൽ ഇട്ടുകൊൾവിൻ. കുറച്ചു സമയത്തിന് ശേഷം, നിങ്ങളുടെ അയൽ വാസി നിങ്ങളെക്കുറിച്ചു ദോഷം പറഞ്ഞേക്കാം. യേശുവിന്റെ മേൽ ഇട്ടുകൊൾക. കുറച്ച് കാലങ്ങൾക്കു ശേഷം നാം അത് മറന്നേയ്ക്കാം. ഉടനെ ചിലമോശമായ ഇടപെടൽ ഉണ്ടായേക്കാം. യേശുവിങ്കലേക്ക് തിരിയുക, ഏറ്റുപറയുക, തുടർന്ന് സഹായത്തിനയി അപേക്ഷിക്ക. അസാധാനരണമായ കഷ്ടങ്ങളും പരീക്ഷകളും മറവി പോലുള്ള അപകടങ്ങൾ സംഭവിച്ചാൽ നിങ്ങളിൽ ഏത് ആത്മാവാണ് വസിക്കുന്നത്. സഹായത്തിനായി യേശുവിൽ ആശ്രയിക്കുക.

ഇങ്ങനെയുള്ളൊരു ജീവിതം നയിക്കുവാൻ ഒരുവൻ തീരുമാനിച്ചാൽ, പാപങ്ങളിൽ, കഷ്ടങ്ങളിൽ, പരീക്ഷകളിൽ, ചെറിയ കാര്യങ്ങളിലോ വലിയ കാര്യങ്ങളിലോ വിട്ടു വീഴ്ച കാണിക്കരുത്. ഓർക്കുക, നീ ജീവിതത്തിന്റെ ചെറിയ വ്യത്യാസമല്ല, ക്രിസ്തുവിന്റെ നിലവാരം അനുസരിച്ച് വളരേണം. ക്രിസ്തീയ ജീവിതത്തിന്റെ വളർച്ചയെ തടസ്സപ്പെടുത്തുന്നത്, വലിയ കാര്യങ്ങളെക്കാൾ നിസാരകാര്യങ്ങളാണ്. കാരണം, കർത്താവിലുള്ള ബലത്തിനായി വലിയ കാര്യങ്ങൾ നാം തേടാറുണ്ട്. ചെറിയ കാര്യങ്ങളെ നിസാരമായി കാണാറുണ്ട്.

എന്നാൽ, ഓരോ ദിവസവും കാണുന്ന ചെറിയ ചെറിയ അത്യാഹിതങ്ങൾ പരിശോധിച്ചാൽ, ചെറിയ പ്രാധാന്യമുള്ള വിഷയങ്ങൾക്ക് ഓരോരുത്തരും വിഷയങ്ങളായി ഭവിച്ചാൽ, ശാന്തി കെടുത്തുന്ന രീതിയിലുള്ള അവിശ്വാസികളുടെ ആത്മാവ്, ഇവയെല്ലാം ഗൗരവമായ നിലയിൽ നിങ്ങൾക്ക് വിഷയങ്ങളാകുമ്പോൾ, നാം നമ്മുടെ നിലവാരം സൂക്ഷിക്കേണ്ടതാണ്.

നിങ്ങളുടെ തെറ്റുകളെക്കുറിച്ച് നിങ്ങൾ ബോധവാനെങ്കിൽ, അവയുടെമേൽ അധികാരമുള്ള യേശുവിനെ വെളിപ്പെടുത്തേണം. നിങ്ങൾ വെറുക്കപ്പെട്ട ഒരു വ്യക്തിയെങ്കിൽ, എല്ലാ സംഭവങ്ങളും വെളിപ്പെടുത്തുന്നത് അവിടുത്തെ അളവറ്റ ദയയാണ്; നിങ്ങൾ ഒരു ലോക മനുഷ്യൻ എങ്കിൽ, അത് അവിടുത്തെ ആത്മികതയെ വെളിപ്പെടുത്തുന്നു; നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ വെറുക്കപ്പെട്ടവനും ഉത്തരവാദിത്വങ്ങളിൽ ചിന്തയില്ലാത്തവനുമെങ്കിൽ, അത് പ്രവർത്തനനിരതമായ തന്റെ സ്വഭാവത്തെ വെളിപ്പെടുത്തുകയാണ്. അവയെക്കുറിച്ച് പഠിക്കുക, മനസ്സിലാക്കുക, ഓർമ്മയിൽ വക്കുക, അതെ ആത്മാവിൽ നിങ്ങളെത്തന്നെ വെളിപ്പെടുത്തുക ദൈവത്തോട് പ്രാർത്ഥിക്കുക.

വിലയിരുത്തലുകൾ എല്ലാം തന്നെ ഒരു പൊതുവായ തടസങ്ങളാണ്. എന്നാൽ യഥാർത്ഥ വിശ്വാസ ജീവതത്തിന്റെ ഗുരുവാണ് കർത്താവായ യേശു. അവിടുത്തെ അടുക്കലേക്ക്

(ശേഷം 10-ാം പേജിൽ)

(9-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിൽ എങ്ങനെ വസിക്കാം

ചെല്ലുക, നിങ്ങളെ നേർവഴിക്ക് നടത്തുവാൻ അവിടുത്തോട് പറയുക. ക്രിസ്തു നിങ്ങളെ രൂപാന്തരപ്പെടുത്തും, അവിടുന്ന് താഴ്മയുള്ളവൻ, അവടുന്ന് ദയയുള്ളവൻ, അവിടുന്ന് നിങ്ങളെ സ്നേഹിക്കുന്നവൻ. നിങ്ങൾ ആത്മാർത്ഥനമായി ആഗ്രഹിക്കുന്നു എങ്കിൽ, മറ്റെല്ലാത്തെക്കാളുപരി നിങ്ങൾ അങ്ങനെ ആഗ്രഹിക്കുന്നു എങ്കിൽ, ഇതിനു വേണ്ടി മറ്റെല്ലാറ്റെയും ഉപേക്ഷിക്കുവാനൊരുങ്ങുന്നു എങ്കിൽ, അവിടുന്ന് നിങ്ങളോട് സംസാരിക്കും, എന്താണ് ക്രിസ്തു വിൽ വസിക്കുക എന്നത് എന്ന് വെളിപ്പെടുത്തും അവിടുന്ന് വന്ന് നിങ്ങളിൽ വാസം ചെയ്യും.

അപ്പോൾ നിങ്ങളുടെ ക്രിസ്തീയ ഓട്ടം മുഴുവൻ സന്തോഷവും സ്നേഹവും ആയിരിക്കും. അടിമത്വത്തിന്റെ ബുദ്ധിമുട്ടുകൾ വിട്ട് ഒരു പക്ഷിയെപ്പോലെ പറന്നു നടക്കുന്ന. നിങ്ങൾക്ക് മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം ക്ഷമയോടെ നിങ്ങൾ ഓടും. അനുഭവത്തിൽ നിന്നും നിങ്ങൾ പറയും "യഹോവയിങ്കലെ സന്തോഷം നമ്മുടെ ബലം ആകുന്നുവല്ലോ" (നെഹെ. 8:10) ❖

ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട ജീവിതത്തിന്റെ രഹസ്യം

By F.B. Meyer

ചില സമയം നിങ്ങൾ ദൈവശക്തിക്കായി കരയാറുണ്ടോ? പിശാച് ബാധിച്ചു കഷ്ടപ്പെടുന്ന മനുഷ്യർക്കുവേണ്ടി മുഖാമുഖമായി നിന്നിട്ടുണ്ടാകും, എന്നാൽ നിങ്ങൾക്ക് പിശാചിനെ പുറത്താക്കുവാൻ കഴിയും. ക്രിസ്തുവിനെ ആരാധനിക്കുന്ന ഇടങ്ങളിൽ നിങ്ങൾ അവിടുത്തെ ഏറ്റുപറയും, നിങ്ങളുടെ ഔദ്യോഗിക മണ്ഡലങ്ങളിൽ, കൂട്ടുയാത്രക്കാരോട്, നിങ്ങളുടെ വീട്ടിൽ, എന്നാൽ, ഹൃദയം തരുന്ന ദൂതിനെ ഉച്ചരിക്കുവാൻ നിങ്ങളുടെ അധരങ്ങൾ തയ്യാറാകയില്ല.

അതെ, എല്ലാറ്റിലും മോശകരമായ ഒരു അവസ്ഥ, ഒരു വേള എല്ലാറ്റെയും അതിജീവിക്കുന്നു എന്നു തോന്നും അതല്ല എന്നും വരാം. ശക്തിക്കെതിരെ കുറഞ്ഞുപോയിട്ട് വിലപിക്കുന്ന അനുഭവങ്ങൾ ഉണ്ടാവാം. പോരാട്ടത്തിൽ നിന്നും പിന്മാറുവാൻ അനേകർക്ക് കഴിഞ്ഞെന്ന് വരികയില്ല. പഴയകാല വിശുദ്ധന്മാരെപ്പോലെ ആയുധം എടുക്കുന്നതിനെ കാര്യമാക്കാത്ത അനുഭവവും ഉണ്ടാകാം.

നമ്മുടെ കഴിവുകൾക്കും യോഗ്യതകൾക്കും എതിരെയുള്ള ഒരു ചോദ്യമല്ല, എന്നാൽ നമ്മുടെ പുറകിൽ ഒരു ശക്തിയുണ്ട്. ഇത് മാനുഷ്യ ശക്തികളിൽ കൂടുതലായി ഒന്നുമില്ല, അതിശയിപ്പിക്കുന്ന ശക്തികളും നന്നേ കുറവാണ്. എന്നാൽ നിത്യനായ ദൈവത്തിന്റെ ശക്തിയുമായി ചേരുമ്പോൾ, ഒന്നും നമുക്ക് അസാദ്ധ്യമല്ല. "വിശ്വസിക്കുന്നവന് സകലവും കഴിയും" (മർക്കൊ. 9:23). വിശ്വാസത്തിനാണ് ഇവിടെ പ്രാധാന്യം. മുന്തിരിക്കു വള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല.

എന്നാൽ എവിടെ എനിക്ക് ദൈവശക്തി കാണുവാൻ കഴിയും?

ദൈവശക്തി സംഭരിച്ചു വച്ചിരിക്കുന്ന ഒരു സംഭരണിയാണ് യേശുക്രിസ്തു. "അവനിൽ സർവ്വസമ്പൂർണ്ണതയും വസിപ്പാനും" (കൊലൊ.1:9). സർവ്വശക്തിയും അവിടുത്തേക്കുള്ളത്. പരീക്ഷയുടെ പർവ്വതമായ പിശാചിൽ നിന്നും നമുക്കു ശക്തി സ്വീകരിക്കുവാൻ സാദ്ധ്യമല്ല. എന്നാൽ ഉയിർപ്പിന്റെ പർവ്വതത്തിന് അത് അവകാശപ്പെടുവാൻ കഴിയും. ഈ മഹത്തായ വാക്കുകൾ ശ്രദ്ധിക്കുക, "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു" (മത്താ. 28:18).

ലോകസ്ഥാപനത്തിന് മുമ്പ് പിതാവുമായുള്ള ഐക്യതയിൽ തനിക്കുണ്ടായിരുന്ന ശക്തിയായിരുന്നു അത്. അത് ഇപ്പോഴും തന്നിൽ വസിക്കുന്നു, അത് തനിക്കുവേണ്ടി മാത്രമല്ല, നമുക്കുവേണ്ടിയും കൂടെ.

എങ്ങനെയാണ് എനിക്കു ശക്തി കിട്ടിയത്?

വിശ്വാസത്താൽ ഓരോ നിമിഷവും നിങ്ങൾ നേരിടുന്ന കഷ്ടതയും പരീക്ഷകളും, ജീവിക്കുന്ന രക്ഷകനിലേക്ക് നിങ്ങളുടെ ഹൃദയം ഉയർത്തി, അവിടുത്തോട് അടുത്തു, വചനത്തിനായി ഉള്ള ദൈവം അവിടുത്തേയ്ക്ക് മനസിലാവും വിധം, വേണ്ടുന്ന ബലത്തിനായി അവിടുത്തോടു പറയുക. പെട്ടെന്ന് നിങ്ങളുടെ ഹൃദയത്തെ സന്തോഷിപ്പിക്കുന്ന ഒരു ദൈവപ്രവൃത്തി ഉണ്ടാകും, മറഞ്ഞിരിക്കുന്ന ഉറവകളിൽ നിന്നും നിങ്ങളുടെ ശൂന്യതകളെ അവിടുന്ന് നിറയ്ക്കും.

എന്നാൽ എന്റെ വിശ്വാസം വളരെ ക്ഷീണിച്ചതാണ്, എന്റെ ആവശ്യങ്ങളുടെ മുഖത്ത് ദൈവത്തിങ്കലേക്ക് നോക്കുവാൻ ഞാൻ മറന്നു പോകുന്നു, ഞാൻ സഹായത്തിനായി നോക്കുമ്പോൾ, എനിക്കത് ലഭിക്കില്ല എന്ന തോന്നലുണ്ടാകുന്നു.

ക്ഷീണിച്ച വിശ്വാസം പൊതുവേ എന്തോ കാര്യമായ കുഴപ്പം ആന്തരികമയി ഉണ്ട് എന്നു കാണിക്കുന്നു. നിങ്ങളെതന്നെ പരിശോധിച്ചു കാരണം കണ്ടുപിടിക്കുക. പരീക്ഷ നിങ്ങളെത്തന്നെ സമർപ്പിക്കുന്നുവോ? ഓരോ പരീക്ഷകളേയും അതിജീവിക്കുന്നത് വർദ്ധച്ചു വരുന്നതായ ആത്മശക്തിയിലാണ്, എന്നാൽ ഓരോ പരീക്ഷകളും നിങ്ങളുടെ ബലത്തിലും നിങ്ങളുടെ ശക്തിയിലും സമർപ്പിക്കപ്പെട്ടിരിക്കുന്നു.

നിങ്ങൾ പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കപ്പെട്ടിരിക്കുന്നുവോ? ഏകാഗ്രത കുറവുകൊണ്ട് പലപ്പോഴും പരാജയങ്ങൾ കടന്നുവരാറുണ്ട്. നിങ്ങളുടെ സ്വയവും നിങ്ങളുടെ ജീവിതത്തിലെ തടസമാണോ? മാനസാന്തരത്തിനു മുമ്പ് ദൈവവിശ്വാസം ഇല്ലാത്ത ഒരു ജീവിതം. നിങ്ങൾക്ക് പൂർണ്ണമായി ഉറപ്പുണ്ടോ, നിങ്ങൾ ഒരു മതപരമായ സ്വയം നിറഞ്ഞ ഒരു വ്യക്തി അല്ല എന്ന്?

മതപരമായ സ്വയ ജീവിതത്തെ ഒന്നു കാണിച്ചു തരിക എന്റെ ബലഹീനതയുടെ ഉറവിടത്തിന്റെ അടയാളം, ഞാൻ അതിനെ അറിയട്ടെ, അതിനെ വെറുക്കട്ടെ.

ഒരു നിമിഷം ചിന്തിക്കുക! കർത്താവിന്റെ വേല ചെയ്യുവാൻ പദ്ധതി തയ്യാറാക്കുമ്പോൾ, വലിയ ചിന്തകൾ ഇട്ട് നാം ഒരുങ്ങുകയില്ലയോ? നിരന്തരം ദൈവത്തോടപേക്ഷിച്ചു, നിങ്ങളുടെ ചെറിയ പദ്ധതികൾക്ക് വേണ്ടി പ്രാർത്ഥിക്കയില്ലയോ, ദൈവത്തോട് ആദ്യമായി പ്രാർത്ഥിക്കുമ്പോൾ തന്നെ അവിടുന്ന് നല്കിയിരിക്കാം, അഥവാ നിങ്ങളെ സഹായിക്കാൻ അവിടുന്ന് കരുതിയിരിക്കാം. എനിക്ക് എങ്ങനെ വ്യത്യസ്തനാകാം? ഞാൻ മുന്നോട്ട് പോകുന്നതിന് വേണ്ടി തയ്യാറെടുക്കുമ്പോൾ, അനേകരെ രക്ഷിക്കുന്ന അനുഗ്രഹിക്കപ്പെട്ട രഹസ്യം ഞാൻ നേടുന്നു.

അപ്പോൾ നിങ്ങളെ സമ്പൂർണ്ണമായി യേശുവിന്

(ശേഷം 11-ാം പേജിൽ)

(10-ാം പേജിന്റെ തുടർച്ച)

ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട ജീവിതത്തിന്റെ രഹസ്യം

സമർപ്പിക്ക. അവിടുത്തെ രക്തം കൊടുത്തു നമ്മെ വിലയ്ക്ക് വാങ്ങിയിരിക്കയാൽ നാം അവിടുത്തെ വകയാണ്, അങ്ങനെ ആയിരിക്കയാൽ നമുക്കു സന്തോഷം ഉണ്ട്. യാഗപീഠത്തിന്റെ കൊമ്പുകളിൽ നമ്മെ കെട്ടേണം. ദേഹം, ദേഹി, ആത്മാവ് എന്നിവയെ സമർപ്പിക്കേണം. നമ്മുടെ കൈകൾ യഹോവയ്ക്കുള്ളത്. വന്ന് നിങ്ങളെ എടുത്തു കൊള്ളുവാൻ പറയുക. ഈ സന്തോഷമുള്ള നിമിഷങ്ങൾ ദൈവത്തിന് നൽകുവാൻ ഞങ്ങൽ ആഗ്രഹിക്കുന്നു. അവിടുത്തെ വഴിയിൽ, അവിടുത്തെ ഇഷ്ടത്തിന്, അവിടുത്തെ പ്രമാണത്തിന് സമർപ്പിക്കുവനിഷ്ടപ്പെടുന്നു. ജീവിതത്തിലുടനീളം ആയിരം പ്രാവശ്യം പറയുക, ഞാൻ അങ്ങയുടേത്!

എന്നാൽ അവിടുത്തേയ്ക്കു കൊടുക്കുവാൻ ശ്രമിക്കുമ്പോൾ, പൂർണ്ണമായി എന്റെ അവിടുത്തെ കരങ്ങളിലേല്പിക്കുമ്പോൾ, അവിടുന്ന് എന്നെ ഏറ്റുകൊള്ളുന്നു എന്ന് ഞാൻ എങ്ങനെ അറിയും?

ആദ്യമായി വിശ്വാസത്താൽ അറിയും. അവൻ അവിടുത്തെ വചനത്തിൽ പ്രതിജ്ഞ ചെയ്യുമ്പോൾ, ദൈവം ഏറ്റുകൊള്ളുന്നു എന്ന് അറിയാം. നിങ്ങൾ നിങ്ങളെത്തന്നെ കൊടുക്കുന്നു എങ്കിൽ, അഥവാ കൊടുക്കുവാൻ ശ്രമിക്കുമ്പോൾ നിശ്ചയമായിട്ടും അവിടുന്ന് തന്റെ വകയായി ഏറ്റുകൊള്ളുന്ന. ആ നിമിഷം മുതൽ അവിടുത്തെ ഉടമസ്ഥാവകാശം നിങ്ങളുടെ മേൽ സ്ഥാപിച്ച് ഓരോ ദിവസവും അവിടുത്തെ സ്നേഹവും അനുഗ്രഹങ്ങളും നിങ്ങളുടെ മേൽ പകരുന്നു.

ആദ്യം ഒരു കൃപയുടെ പ്രതികരണവും ഉണ്ടാകയില്ലായിരിക്കാം, എന്നാൽ ദിവസങ്ങൾ പിന്നിടുമ്പോൾ അവിടുത്തെ ഉടമസ്ഥതയുടെ മാധുര്യം നാം രുചിച്ചറിയും. നിങ്ങളിൽ തന്നെ മാത്രമല്ല, സന്തോഷത്തിന്റെ നിറവുകൾ ശക്തിയുടെ നിറവുകൾ നിങ്ങളുടെ ഹൃദയത്തിൽ അനുഭവിച്ചറിയും. ശക്തിയെക്കുറിച്ചുള്ള അറിവ് വേണ്ടും വണ്ണം അനുഭവിക്കുവാൻ കഴിഞ്ഞില്ലെന്ന് വന്നേക്കാം. പ്രവർത്തിച്ചു തുടങ്ങുന്നതിന് മുമ്പ്, എന്നാൽ പ്രവർത്തിച്ചു തുടങ്ങിയശേഷം നിങ്ങൾക്ക് അറിയാൻ കഴിയുന്ന നിലയിൽ ദൈവത്തിന്റെ ശക്തമായ ഇടപെടൽ നിങ്ങൾക്കനുഭവിച്ചറിയുവാൻ കഴിയും.

ഈ അവസ്ഥയിൽ എങ്ങനെ ഞാൻ നിലനിൽക്കും?

യേശു അതിനെ നോക്കിക്കൊള്ളും. ദൈവത്തിൽ ആശ്രയിപ്പാൻ ദൈവം നിങ്ങളെ സഹായിക്കും. ദൈവസ്നേഹത്തിൽ തന്നെ നില്ക്കുവാൻ ആദ്യം ചില പരിശ്രമം വേണ്ടി വരും, എന്നാൽ അത് വളരെ എളുപ്പമായിത്തീരും, അവസാനം ഒരു പുതിയ പ്രകൃതി നിങ്ങൾ പ്രാപിക്കും. അപ്പോൾ നിങ്ങൾ എല്ലായ്പ്പോഴും മൃദു സ്വരം നിങ്ങൾ കേൾക്കും, തന്റെ ഇഷ്ടത്തിന്റെ നേരിയ ശബ്ദം. അപ്പോൾ ഒരു സ്നേഹിതനെപ്പോലെ, നിങ്ങളുടെ പ്ലാനും പദ്ധതികളും ഉദ്ദേശങ്ങളും ദൈവം അറിയുന്നു എന്ന് നിങ്ങൾ മനസിലാക്കും.

അപ്പോൾ നിങ്ങൾ അനുഭവിച്ചറിയും അവിടുത്തെ ശരീരത്തിന്റെ അവയവങ്ങൾ ആണ് നിങ്ങൾ എന്നും, അവിടുത്തെ നേരിയ നടത്തിപ്പുകൾ പോലും വലുതായി നിങ്ങൾക്കു തോന്നും. അങ്ങനെ നിങ്ങളുടെ അധരങ്ങളിൽ നിന്നും ഇങ്ങനെ പറയും, " എന്താണ് അടുത്തത് പ്രിയ കർത്താവേ, എന്താണ് അടുത്തത്? " നിങ്ങൾ സദാസമയവും അവിടുത്തെ മുന്നറിയിപ്പുകളെ ഓരോ ദിവസവും നിങ്ങൾ നടക്കേണ്ടുന്ന വഴികളാണെന്ന് അറിയും. നിങ്ങളുടെ ജീവിതത്തിൽ സംഭിക്കുന്നതെല്ലാം, ദൈവത്തിന്റെ കൊറിയർ സർവ്വീസ് മുഖാന്തരം നിങ്ങൾക്ക് ലഭിക്കുന്ന രഹസ്യകത്തുകളാണ്, തന്റെ കൈയൊപ്പ് പതിച്ച അവിടുത്തെ സ്നേഹത്തിന്റെ കത്തുകൾ, നാം എന്തു ചെയ്യണം എന്നുള്ള അറിയിപ്പുകൾ നമുക്കു തരുന്നു.

ഒന്നും ഭാരപ്പെടേണ്ടതില്ല. ദൈവവുമായി വ്യക്തിപരമായി ബന്ധപ്പെട്ടു സംസാരക്കുന്നതുവരെ വ്യക്തമായി ഒരു കൂട്ടായ്മ ലഭിക്കയില്ല. നിങ്ങൾ ക്രിസ്തുവിൽ വസിക്കും, അവിടുന്ന് നമ്മിൽ വസിക്കുന്നു. അങ്ങനെ വസിക്കുന്ന ദൈവശക്തി, അതിന്റെ മഹത്വത്തോടെ നമ്മിൽ വസിച്ചിട്ട്, അതിന്റെ പ്രകാശം നമ്മിൽ പകർന്നു. ക്ഷാമവും വരൾച്ചയും ഉള്ള നമ്മുടെ നിലങ്ങളിലും മനുഷ്യന്റെ ഭവനങ്ങളിലും പകർന്നു അനുഗ്രഹമാകുന്നു.

ഇത് മനോഹരമായ ഒരു കാഴ്ചയാണ്, എന്റെ താഴ്മയുള്ള ജീവിതം അതിൽ തട്ടി അത് മനോഹരമായ കാഴ്ചയായിത്തീരുന്നു, എന്നാൽ ഞാൻ ഭയപ്പെടുന്നു, അത് എനിക്കുവേണ്ടിയുള്ളതല്ല.

അതെ, എന്നാലിതു, നിങ്ങൾ പൂർണ്ണ സന്തോഷത്തോടെ വാതിൽ തുറന്നു കൊടുക്കുന്നു. അവിടുന്ന് വാതിൽക്കൽ നിന്നു മുട്ടുന്നു. ആരെങ്കിലും വാതിൽ തുറന്നാൽ അവിടുന്ന് അകത്തു വരും. അവിടുന്ന് അകത്തുവരുവാൻ നിങ്ങൾ ഇഷ്ടപ്പെടുന്നുവോയ അവിടുന്ന് നിങ്ങളിൽ നിങ്ങൾക്കുള്ളകിൽ പ്രവർത്തിക്കുന്നതിൽ നിങ്ങൾ ഇഷ്ടപ്പെടുന്നുവോ? ഒരു സൈന്യത്തിന്റെ മുമ്പിൽ, ശിംശോന്റെ കയ്യിലെ ഒരു താടിയെല്ലായിരിക്കുവാൻ നിങ്ങൾ ഇഷ്ടപ്പെടുന്നുവോ? അങ്ങനെയെങ്കിൽ, നിങ്ങളിൽ നല്ല പ്രവൃത്തി ആരംഭിച്ചവൻ തന്റെ പ്രവൃത്തി നിങ്ങളിൽ ചെയ്യും. അങ്ങനെ നിങ്ങളുടെ ജീവിതത്തിന്റെ വാതിൽ പടിയിൽ എഴുതി വയ്ക്കും. " ഈ വീട് മറ്റൊരാളിനു കൈമാറിയിരിക്കുന്നു, പുതിയ യജമാനനു വേണ്ടി മാത്രമേ ഈ വാതിൽ തുറക്കുകയുള്ളൂ ".

സർവ്വശക്തനായ രക്ഷകൻ വന്ന് നിങ്ങളെ നിറച്ച് നിങ്ങളിൽ പ്രവർത്തിക്കുന്നതുവരെ നിങ്ങളുടെ പ്രവൃത്തി ശൂന്യമാണ്. സകലത്തേയും അതിജീവിക്കുന്ന ശക്തി നിങ്ങൾക്കാവശ്യം എങ്കിൽ, ആ ശക്തി വന്ന് നിങ്ങളെ നിറയ്ക്കും. അവിടുത്തെക്കുറിച്ച് നിങ്ങൾ സംസാരിക്കുക. ഇത് ഒരു പ്രേരകശക്തിയല്ല, ഇത് മഹാദൈവമാണ്.

ഇത് എന്റെ ഇഷ്ടം, കൃപയുള്ള കർത്താവേ, ഈ നിമിഷം മുതൽ ഞാൻ എല്ലായ്പ്പോഴും ആഗ്രഹിക്കട്ടേ, എല്ലാം അങ്ങേക്കു പ്രസാദകരമായിത്തീരട്ടേ, ഞങ്ങളുടെ പ്രിയ കർത്താവേ, അവിടുത്തെ ഇഷ്ടം എന്റേതായിത്തീരുമാറാകട്ടെ, എന്റെ ഇഷ്ടം അവിടുത്തെ പിന്തുടരുമാറാകട്ടെ, കാന്തത്തിലേക്ക് ഇരുമ്പ് അടുക്കുന്നതുപോലെ ഞാൻ അങ്ങയോട് ചേരുമാറാകട്ടെ.

ചില കാര്യങ്ങൾ കൂടെ

എന്നാൽ ചില കാര്യങ്ങൾ കൂടെ അതിനോടു ചേർത്തു ചിന്തിക്കുവാനുണ്ട്. ബൈബിൾ വായനയെന്നത് എഞ്ചിന് ഇന്ധനം കൊടുക്കുന്നതുപോലെ ക്ഷീണമുള്ള ശരീരത്തിന് ആഹാരം നൽകി ബലപ്പെടുത്തുന്നതു

(ശേഷം 12-ാം പേജിൽ)

(11-ാംപേജിന്റെ തുടർച്ച)

ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട ജീവിതത്തിന്റെ രഹസ്യം

പോലെ ഇത് അത്യാവശ്യമാണ്. പ്രാർത്ഥനയുടെ ആത്മാവിന്റെ പോഷണത്തിന് ബൈബിൾ വായന അത്യന്താപേക്ഷിതമാണ്. കർത്താവിന്റെ വേലയിൽ നിങ്ങൾ അതീവ ശ്രദ്ധാലുക്കളായിരിക്കുമ്പോൾ, കർത്താവിനോടുള്ള ഏകാഗ്രതയെ കൊള്ളയടിക്കാനായി ശത്രു നില്ക്കുമ്പോൾ, അവിടുന്ന് തന്റെ സന്നിധിയിൽ ചില സമയം വേറിട്ടു ആയിരിക്കുവാൻ നമ്മെ ആവശ്യപ്പെടുമ്പോൾ, തന്നെത്തന്നെ വെളിപ്പെടുത്തി നമ്മെ ശക്തീകരിക്കുമ്പോൾ, ആത്മ ശക്തി നമ്മിൽ സംഭരിച്ചു വക്കേണ്ടതായിട്ടുണ്ട്.

മറ്റ് ആകർഷകമായ ചിന്തകളിൽ നിന്നും നമ്മെ സ്വതന്ത്രമായി സംരക്ഷിക്കേണ്ടതായിട്ടുണ്ട്. അവയൊക്കെ നിങ്ങൾക്ക് വളരെ പ്രിയപ്പെട്ടവയായിരിക്കാം. വേലയെക്കാൾ നിങ്ങളുടെ ജീവിതത്തിൽ അത്യാവശ്യമായവയായിരിക്കാം. "ആറു ദിവസം നിങ്ങൾ വേല ചെയ്യേണം, ഏഴാം ദിവസം സ്വസ്ഥമായിരിക്കേണം " (പുറ. 34:21). കർത്താവുമായുള്ള നീണ്ട കൂട്ടായ്മയ്ക്ക് ശേഷം ഒരു മണിക്കൂർ വേലയിൽ ചെലവഴിക്കാം, അത് പന്ത്രണ്ട് മണിക്കൂർ ഇടവിടാതെ പ്രവർത്തിക്കുന്നതിനെക്കാൾ ഉത്തമം. എത്ര മണിക്കൂർ വേല ചെയ്തു എന്നല്ല, എങ്ങനെ ചെയ്തു എന്നാണ് കർത്താവ് നോക്കുന്നത്. അവിടുന്ന് വേലയേക്കാൾ വേലക്കാരനെക്കുറിച്ചു ചിന്തിക്കുന്നു.

ഇതു ഓർമ്മിക്കുവാൻ എന്നെ സഹായിക്കേണമേ, അതെ അവിടുന്ന് കൊയ്ത്തിന്റെ കർത്താവാണ്, ഞാൻ ബലപ്പെടുവാനും വിശ്രമിക്കുവാനും ആഗ്രഹിച്ചിട്ട്, നിലങ്ങൾ കൊയ്ത്തിന് വെളുത്തിരിക്കുമ്പോൾ പോലും ഞാൻ പലപ്പോഴും വിട്ടു നിന്നിട്ടുണ്ട്. ഞാൻ കാത്തിരിക്കും എങ്കിൽ, ഞാൻ പ്രാർത്ഥിക്കും എങ്കിൽ എന്നെ ഓർമ്മിപ്പിക്കുവാൻ ചിലരെ എഴുന്നേൽപ്പിക്കേണമേ, അവിടുന്ന് മാർത്തയേയും അവളുടെ സഹോദരിയായ മറിയയോട് ചെയ്തതുപോലെ.

അനുഗ്രഹിക്കപ്പെട്ട രഹസ്യം ഒരു പ്രാവശ്യം കൂടെ

അനുഗ്രഹിക്കപ്പെട്ട ഒരു രഹസ്യം കൂടെ ചിന്തിക്കാം. അപ്പോസ്തലന്മാർ ലോകത്തെ നേടുവാൻ നോക്കുമ്പോൾ, അവിടുന്ന് അവരെ നീണ്ടു പത്തു ദിവസം തന്റെ സന്നിധിയിൽ കാത്തിരിക്കുമാറാക്കി, അവിടുന്ന് അവരെ ലോകത്തിൽ നിന്നും വ്യത്യസ്തരാക്കി, ഭയം ഇല്ലാതാക്കി, പരിശുദ്ധാത്മാവ് നിറഞ്ഞവരാക്കി. പക്ഷേ ഇത് അവർക്കില്ലായിരുന്നു. നിങ്ങൾ അവിടുത്തെ ഒരു ആശ്വാസപ്രദനായി സ്വീകരിച്ചു, ഉപദേഷ്ടാവായി, ശുദ്ധീകരിക്കുന്നവനായി, എന്നാൽ വേല ചെയ്യുവാനുള്ള ശക്തി അവരിലുണ്ടായിരുന്നില്ല.

എന്നാൽ, ഇതും കൂടി അവർക്കുവേണ്ടി ചെയ്തു, നിങ്ങൾ അതു ചെയ്യും എങ്കിൽ " നിങ്ങൾ ആത്മാവു നിറഞ്ഞവരാരിരിപ്പിൻ സാധകാത്മകമായ ഒരു ആജ്ഞ (എഫെ. 5:18). നിങ്ങൾ എല്ലാവരും അവിടുത്തേക്കു വേണ്ടി ഒരു മുറി ഒരുക്കേണം, അതിന്റെ വിള്ളലുകളിലൂടെ, വിടവുകളിലൂടെ അകത്തു വന്ന് തന്റെ ശക്തിയാൽ നിയ്ക്കും. " അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിനും "(എഫെ. 3:16).

ഉയരത്തിലെ ശക്തി ഈ താഴ്മയുള്ള കാത്തിരിക്കുന്ന ഹൃദയങ്ങളിൽ പകരപ്പെടുമ്പോൾ, ആർക്ക് അതിന്റെ അനന്തരഫലങ്ങൾ കണക്കുകൂട്ടുവാൻ കഴിയും? ഇത് സഭയുടെ ആവശ്യമാണ്. ഒരു വ്യവസ്ഥയാണ് സഭയ്ക്കുള്ളത്. ഉപവസിക്കുക, പ്രാർത്ഥിക്കുക. സഭ അത് പ്രാപിക്കുന്നത് വരെയും അവൾക്ക് വിശ്രമമില്ല, കാത്തിരിക്കേണം. അവിടുത്തെ വാതിലുകളിൽ ജാഗരിക്കേണം. അവിടുത്തെ പ്രാകാരങ്ങളിൽ, അന്വേഷിക്കേണം മറഞ്ഞിരിക്കുന്ന ഉറവിടങ്ങളെ, അപ്പോൾ ആ പ്രഭാതത്തിൽ നിങ്ങൾ കാണും, " അരുണോദയം പോലെ ശോഭയും, ചന്ദ്രനെപ്പോലെ സൗന്ദര്യം, സൂര്യനെപ്പോലെ നിർമ്മലതയും, കൊടികളോടുകൂടിയ സൈന്യം പോലെ ഭയങ്കരത്വവും ഉള്ളോരിവൾ ആർ " (മത്താ. 6:10).

ഇത് നിങ്ങൾക്ക് ലഭിക്കുന്നു എങ്കിൽ, നിങ്ങൾ ഓർക്കുക, നഷ്ടമാക്കരുത്. മുറുകെപ്പറ്റുന്ന പാപം, ദുഷ്ടലക്ഷ്യം, അഹങ്കാരം, തുടങ്ങിയവ ആത്മാവിനെ നശിപ്പിക്കും, സൂക്ഷിക്കുക! "അപ്പോൾ യഹോവ അവനെ നോക്കി. നിന്റെ ഈ ബലത്തോടെ പോക; നീ യിസ്രായേലിനെ മിദ്യാന്യരുടെ കയ്യിൽ നിന്നും രക്ഷിക്കും; ഞാനല്ല നിന്നെ അയക്കുന്നത് എന്ന് പറഞ്ഞു " (ന്യായാ 6:14).

❖